പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.211 — 30.12.2010-ൽ മറുപടിക്ക്

## സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

### ചോദ്യം

ശ്രീമതി.ജെ.അരുന്ധതി
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
ശ്രീമതി.കെ.എസ്.സലീഖ
ശ്രീമതി.പി.അയിഷാ പോറ്റി

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലെ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

### ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

തിരുവനന്തപുരത്തും കോഴിക്കോടുമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി, ആശുപത്രികളിലെ വാർഡ്, ഒ.പി, ഓപ്പറേഷൻ തീയേറ്റർ, ലബോറട്ടറി തുടങ്ങിയ എല്ലാ വിഭാഗങ്ങളും നവീകരിച്ചു. തൈക്കാട് ആശുപത്രിയിൽ പുതിയ ബഹുനിലകെട്ടിടം പ്രവർത്തനസജ്ജമാക്കി. ഈ കെട്ടിടത്തിൽ വാർഡുകൾ, ഒ.പി, ലബോറട്ടറി, ഫാർമസി, ബ്ലഡ് ബാങ്ക്, ഓപ്പറേഷൻ തീയേറ്റർ, പ്രസവമുറി, നവജാതശിശുക്കൾക്കുള്ള നഴ്സറി എന്നിവ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് W&C ആശുപത്രിയിലും വാർഡുകൾ നവീകരിക്കുകയും പുതിയ ലേബർ റൂം തുടങ്ങിയവ സ്ഥാപിക്കുകയും ചെയ്തു. മങ്ങാട്ടുപറമ്പ് W&C ആശുപത്രി ജനങ്ങൾക്ക് തുറന്നുകൊടുത്തു. ആലപ്പുഴ W&C ആശുപത്രിയിലും പുതിയ പീഡിയാട്രിക്സ് വാർഡ്, ലേബർ റൂം, എമർജൻസി തീയേറ്റർ തുടങ്ങിയവ സ്ഥാപിച്ചു. കൊല്ലത്തും മട്ടാഞ്ചേരിയിലുമുള്ള W&C ആശുപത്രികളിൽ കുട്ടികളുടെ വാർഡും തീയേറ്ററും മറ്റും സ്ഥാപിച്ചു എല്ലാ ആശുപത്രികളിലും കൂടുതൽ ഡോക്ടർമാരെയും നേഴ്സുമാരെയും നിയമിച്ചു മരുന്നുകൾ

| | |
|---|---|
| | ലഭ്യമാക്കി.ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചു. NABH അക്രഡി റ്റേഷൻ ലഭിക്കുന്നതിനുള്ള അന്തിമഘട്ട ത്തിലാണ് ഈ ആശുപത്രികൾ. ആശു പത്രികളിലെ എല്ലാ വിഭാഗം ജീവനക്കാർക്കും വിവിധ തരത്തിലുള്ള പരിശീലനവും ഗുണനിലവാരം ഉയർത്തുന്നതിനായി ഇന്റേണൽ ഓഡിറ്റും നടപ്പാക്കി. |
| (ബി) ആശുപത്രികളിലെ ജനറൽ വാർഡ്, ഐസൊലേഷൻ വാർഡ്, പേവാർഡ് , ലബോറട്ടറി എന്നിവയിലെ സൗകര്യ ങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം മുഖേനയുള്ള പദ്ധതികൾ നേടിയെടുക്കു ന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (സി) കേരളത്തിലെ പൊതുജനാരോഗ്യമേഖലയെ ശക്തിപ്പെടുത്താനും ഗ്രാമീണ ആരോഗ്യ മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായാണ് എൻ.ആർ.എച്ച്.എം പദ്ധതി നടപ്പി ലാക്കുന്നത്. എൻ.ആർ.എച്ച്.എം പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖ (PIP) വികേന്ദ്രീകൃത ആസൂത്രണം വഴിയാണ് തയ്യാറാക്കുന്നത്. വാർഡ്, പഞ്ചായത്ത്, ജില്ലാതലങ്ങളിൽ ആരോഗ്യ പദ്ധതികൾ തയ്യാറാക്കുന്നു. ജില്ലാതല പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല പദ്ധതി രേഖ തയ്യാറാക്കി കേന്ദ്ര ആരോഗ്യ വകുപ്പിലേക്ക് അയച്ചുകൊടുക്കുന്നു.<br>എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നതും ചെലവഴിക്കുന്നതും ഓരോ വർഷത്തേയും കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖ (PIP) പ്രകാരമാണ്. എൻ.ആർ.എച്ച്.എം ഫണ്ട് സമയ നിബന്ധിതമായി ചെലവഴിക്കുന്നതിനുവേണ്ടി സംസ്ഥാന കുടുംബക്ഷേമ സൊസൈറ്റിയും 14 ജില്ലാ കുടുംബക്ഷേമ സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. |

| | |
|---|---|
| ഡോക്ടർമാരുടെയും നഴ്സുമാരുടെയും എത്ര (ഡി) ഒഴിവുകൾ നിലവിലുണ്ട് ; ഇവ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തെ ആറ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിലായി ഡോക്ടർ മാരുടെ 28 തസ്തികകൾ അധികമായി അനുവദിച്ചു. ഇപ്പോൾ 16 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്.<br>സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ (അനസ്തേഷ്യ, റേഡിയോളജി) അടിയന്തിരമായി നികത്തുന്നതിലേക്ക് പി.എസ്.സി മുഖാന്തിരം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് ഡോക്ടർമാരെ അഡ്വൈസ് ചെയ്യുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തന്നെ പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. പീഡിയാട്രിക്സ്, ഗൈനക്കോളജി തസ്തികകൾ ഉടൻ തന്നെ പ്രമോഷൻ വഴി നികത്തുന്നതാണ്. ജനറൽ കേഡറിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്സ്.സി.യെ അറിയിച്ചിട്ടുണ്ട്. ലിസ്റ്റ് ലഭിച്ചാലുടൻ നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.<br>സംസ്ഥാനത്ത് എല്ലാ ആശുപത്രികളിലുമായി സ്റ്റാഫ് നഴ്സുമാരുടെ 291 ഒഴിവുകൾ നിലവിലുണ്ട്. ഇവയിൽ 175 ഒഴിവുകൾ പി.എസ്സ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളവയും ബാക്കി 111 പേർ ഡി.എം.ഇ-ഡി.എച്ച്.എസ് ബൈഫർക്കേഷന്റെ ഭാഗമായി മെഡിക്കൽ കോളേജ് ആശുപത്രികളിൽ താൽക്കാലികമായി തുടരുന്നവയുമാണ്. ബൈഫർക്കേഷൻ പ്രക്രിയ തീരുന്ന മുറയ്ക്ക് ഈ ഒഴിവുകൾ നികത്തപ്പെടും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212 — 30.12.2010—ൽ മറുപടിക്ക്

## ജല സംരക്ഷണ അവബോധം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, പി. കൃഷ്ണപ്രസാദ്<br>,, സി.എച്ച്. കുഞ്ഞമ്പു<br>,, കെ.ടി. ജലീൽ | | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല സംരക്ഷണ അവബോധ ത്തിനായി ജലസേചന വകുപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ജല സംരക്ഷണ അവബോധ ത്തിനായി ' ജലസുരക്ഷ' എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാന ജലവിഭവ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. വിശദവിവരങ്ങൾ അടങ്ങുന്ന ഒരു കൈപുസ്തകം അനുബന്ധമായി ചേർക്കുന്നു.<br>ഭൂജല വകുപ്പ് ജല സംരക്ഷണ അവബോധത്തിനുള്ള പരിപാടികൾ ഭൂജല നിയന്ത്രണവും ക്രമീകരണവും എന്ന പദ്ധതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രശ്നബാധിത പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളെ ഉപയോഗയോഗ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ; | (ബി) | സംസ്ഥാനത്ത് കുടിവെള്ള ഗുണ നിലവാര പ്രശ്നങ്ങളുള്ള പ്രദേശ ത്തേയ്ക്കായി കേരള ജല അതോറിറ്റി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നുണ്ട്.<br>സാമൂഹ്യ ജലസുരക്ഷാ പദ്ധതി 'സുജല' എന്ന പേരിൽ ഗ്രാമീണ കുടിവെള്ള സ്രോതസ്സുകളിലെ ജല ഗുണനിലവാരം പരിശോധിച്ചു ഉറപ്പുവരുത്തിവരുന്നു. |
| (സി) | കിണർവെള്ളത്തിൻെറ ഗുണ നിലവാരം പരിശോധിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശി ക്കുന്നതിനുമുള്ള പദ്ധതിയുടെ | (സി) | ഉണ്ട്. കിണർവെള്ളത്തിൻെറ ഗുണ— നിലവാരം പരിശോധിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന തിനുമുള്ള പദ്ധതി സംസ്ഥാനത്ത് |

...വർത്തനം പരിശോധിച്ചിട്ടുണ്ടോ;

സി.സി.ഡി.യു മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

കൂടാതെ പൊതുജനങ്ങളിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ നിശ്ചിത ഫീസ് ഈടാക്കികൊണ്ട് കിണർ വെള്ളത്തിൻെറ ഗുണനിലവാര പരിശോധന ഭൂജല വകുപ്പിൻെറ ലാബോറട്ടറികളിലും നടത്തിവരുന്നു. രാസ പരിശോധനയും ബാക്ടീരിയ പരിശോധനയും തിരുവനന്തപുരത്തെ ലാബിൽ നടത്തുന്നുണ്ട്. എറണാകുളം, കോഴിക്കോട് ലാബുകളിൽ രാസ പരിശോധന നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ഡി) ജലദുരുപയോഗം തടയുന്നതിന് എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സി.സി.ഡി. യു നടപ്പാക്കുന്ന പരിശീലന പരിപാടിയോടനുബന്ധിച്ച് ജല ദുരുപയോഗം തടയുന്നതിനുള്ള ബോധവൽക്കരണവും നടത്തുന്നുണ്ട്. കൂടാതെ ജല ദുരുപയോഗം തടയുന്നതിന് കേരള ഭൂജല നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻകീഴിൽ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002—ൽ രൂപീകൃതമായ കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ തീരുമാന പ്രകാരം ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നം. 213 | 30-12-2010-ൽ<br>മറുപടിയ്ക്ക് |

### പ്ലാച്ചിമടയിലെ കൊക്കോകോള കമ്പനിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. കെ.പി.മോഹനൻ<br>ശ്രീ. എം.കെ.പ്രേമനാഥ് | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ,<br>ജലവിഭവ വകുപ്പുമന്ത്രി |
| എ) പ്ലാച്ചിമടയിലെ കൊക്കോകോള കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച് ജയകുമാർ കമ്മിറ്റി റിപ്പോർട്ട് എന്നാണ് ലഭിച്ചത്; | എ) പ്ലാച്ചിമടയിലെ കൊക്കോകോള കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച് നിയുക്തമായ ശ്രീ.കെ.ജയകുമാർ ഐ.എ.എസ് അദ്ധ്യക്ഷനായ ഉന്നതാധികാരസമിതിയുടെ റിപ്പോർട്ട് 22-03-2010 നാണ് സർക്കാരിൽ ലഭിച്ചത്. |
| ബി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | ബി) ഉന്നതാധികാരസമിതി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കുകയും പ്ലാച്ചിമട കൊക്കോകോള കമ്പനിയുടെ പ്രവർത്തനം മൂലം തദ്ദേശവാസികൾക്കുണ്ടായ നഷ്ടപരിഹാരം നിർദ്ദേശിക്കുന്നതിലേയ്ക്കായി ഒരു ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| സി) റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സി) ഉണ്ട്. ഉന്നതാധികാരസമിതിയിൽ കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഭൂജല വകുപ്പ്, കേന്ദ്ര ഭൂജല ബോർഡ്, കാർഷിക സർവ്വകലാശാല, കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിലെ വിദഗ്ധർക്കു പുറമേ പരിസ്ഥിതിയും, നിയമവുമായി ബന്ധപ്പെട്ട വിദഗ്ധരും ഉൾപ്പെട്ടിരുന്നു. ഉന്നതാധികാരസമിതി റിപ്പോർട്ടിലെ ശുപാർശകളിൻമേൽ വ്യവസായവകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.214 30.12.2010 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെക്കുറിച്ച് തെളിവ് ശേഖരിക്കുന്ന ഉന്നതാധികാര സമിതിയുടെ പഠനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ.ശിവദാസൻ നായർ :**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :**<br>**ശ്രീ. കെ.ബാബു :**<br>**ശ്രീ. അടൂർ പ്രകാശ് :** | **ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ**<br>**(ബഹു.ജലവിഭവ വകുപ്പുമന്ത്രി)** |

| | |
|---|---|
| (എ) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെകുറിച്ച് തെളിവ് ശേഖരിക്കുന്ന ഉന്നതാധികാര സമിതി മുല്ലപ്പെരിയാർ ഡാമും പരിസര പ്രദേശങ്ങളും സന്ദർശിച്ച് പഠനം നടത്തുകയുണ്ടായോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) യും (ബി) യും സന്ദർശിച്ചു. മുല്ലപ്പെരിയാറിന്റെ പ്രധാന അണക്കെട്ടും, ബേബിഡാമും, എർത്ത് ഡാമും, ഇൻസ്പെക്ഷൻ ഗാലറിയും, Spill Way-യും നിലവിലുള്ള ഡാമിന് മുൻ ഭാഗത്തു നിന്നും 1300 അടി അകലെയുള്ള കേരളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഡാം സൈറ്റും ഉന്നതാധികാര സമിതി പരിശോധിച്ചു. |
| (ബി) ഉന്നതാധികാര സമിതി ഇവിടെ എന്തൊക്കെയാണ് പരിശോധിക്കുന്നത് ; | |

| | |
|---|---|
| (സി) ആരിൽ നിന്നൊക്കെ തെളിവെടുക്കും എന്നാണ് അറിയിച്ചിട്ടുള്ളത് ; | (സി) സന്ദർശന വേളയിൽ ഹിയറിംഗും, സിറ്റിങ്ങും ഉണ്ടായിരിക്കുന്നതല്ല എന്ന് ഉന്നതാധികാര സമിതി മുൻകൂട്ടി അറിയിച്ചിരുന്നതിനാൽ തെളിവെടുപ്പൊന്നും നടന്നിട്ടില്ല. |
| (ഡി) മുല്ലപ്പെരിയാർ കേസിൽ ജലസേചന വകുപ്പിലെ മുൻ ചീഫ് എഞ്ചിനീയർ ഡാമിന്റെ സുരക്ഷാ കാര്യങ്ങളെക്കുറിച്ച് പഠനം നടത്തിയ റൂർക്കി ഐ.ഐ.റ്റി പ്രൊഫസർമാർ എന്നിവരെ സാക്ഷികളാക്കണമെന്ന് സംസ്ഥാനം സുപ്രീംകോടതിയിൽ അപേക്ഷ നൽകിയിരുന്നുവോ ; | (ഡി ) യും (ഇ) യും } ഉണ്ട്.<br>കേരളം സുപ്രീം കോടതി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ IA.No.10 of 2009 പ്രകാരം റൂർക്കി ഐ.ഐ.റ്റി-ലെ പ്രൊഫസർമാരെ സാക്ഷികളായി വിസ്തരിക്കാൻ അനുവാദം ചോദിച്ചിരുന്നു.. കൂടാതെ സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ ഡോ. പോൾ, ഡോ.കെ.ശർമ്മ എന്നീ ഐ. ഐ.റ്റി റൂർക്കിയിലെ പ്രൊഫസർമാരെയും, കേരള ജലസേചന വകുപ്പിലെ മുൻ ചീഫ് എഞ്ചിനിയർ ശ്രീമതി.എ.കോമളവല്ലി അമ്മയേയും സാക്ഷിയായി ചേർക്കണമെന്ന് കേരളം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ബഹു. സുപ്രീം കോടതി ഐ.ഐ.റ്റി റൂർക്കിലെ പ്രൊഫസർമാരെ |
| (ഇ) എങ്കിൽ ഇക്കാര്യം കോടതി അനുവദിച്ചിട്ടുണ്ടോ ; | |

| | |
|---|---|
| | സാക്ഷികളാക്കുന്ന അപേക്ഷ നിരാകരി ക്കുകയുണ്ടായി. എന്നാൽ ഉന്നതാധി കാര സമിതി മുമ്പാകെ സമർപ്പിച്ച മേൽപ റഞ്ഞ സാക്ഷികളെ ഉൾപ്പെടുത്താനുള്ള അപേക്ഷ പരിഗണിക്കാനിരിക്കുന്നതേ യുള്ളൂ. |
| (എഫ്) ഇവരിൽ നിന്നും കോടതി തെളിവെടുപ്പ് നടത്തുകയുണ്ടായോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാം ശങ്ങൾ ലഭ്യമാക്കുമോ ? | ഇല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 215. 30.12.2010 ലെ മറുപടി

## കെ.ടി.ഡി.എഫ്.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

**ചോദ്യം**
ശ്രീ. എ.എം.യൂസഫ്
ശ്രീ. വി.ജെ.തങ്കപ്പൻ
ശ്രീ. രാജു എബ്രഹാം
ശ്രീ. കെ.വി.കുഞ്ഞിരാമൻ

**ഉത്തരം**
ശ്രീ. ജോസ് തെറ്റയിൽ
ഗതാഗതവകുപ്പ് മന്ത്രി.

| | | | |
|---|---|---|---|
| (എ) | കെ.ടി.ഡി.എഫ്.സിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കെ.ടി.ഡി.എഫ്.സി യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കെ.ടി.ഡി.എഫ്.സി പ്രവർത്തന മേഖല മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി ബി.ഒ.ടി അടിസ്ഥാനത്തിൽ പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു.കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തന മൂലധനത്തിനും ബസ്സുകൾ വാങ്ങുന്നതിനും മററുമായി കെ.എസ്.ആർ.ടി.സിയ്ക്ക് കെ.ടി.ഡി.എഫ്.സി വായ്പകൾ നൽകി വരുന്നു.<br><br>കൂടാതെ കെ.ടി.ഡി.എഫ്.സി യിലെ അപ്രൂവ്ഡ് സർവ്വീസ് റൂൾസ് പ്രകാരമുള്ള 143 തസ്തികകൾ അധികമാണെന്ന് കണ്ട് സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണചെലവുകൾ കുറയ്ക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മററുമായി കെ.ടി.ഡി.എഫ്.സി യിലെ സ്റ്റാഫ് സ്ട്രെങ്ങ്ത് 67 തസ്തികകളായി പുന: ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>കെ.ടി.ഡി.എഫ്.സി യുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ വായ്പകൾ എടുത്തിട്ടുള്ളവരുടെ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി പുതുതായി ഒരു ഗ്രീവൻസ് റിഡ്രസ്സൽ കമ്മിററി കെ.ടി.ഡി.എഫ്.സി യിൽ രൂപീകരിച്ചിട്ടുണ്ട്. എല്ലാ നടപടി ക്രമങ്ങളും പാലിച്ചു എന്നുറപ്പുവരുത്തിയതിനുശേഷമാണ് കെ.ടി.ഡി.എഫ്.സി ലോണുകൾ അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| | | | സുതാര്യത ഉറപ്പുവരുത്തുന്നതിനായി കെ.ടി.ഡി.എഫ്.സി യുടെ എല്ലാ ബി.ഒ.ടി പദ്ധതികളും ടെന്ററിംഗ് വഴിയാണ് നടപ്പിലാക്കുന്നത്. കൂടാതെ കെ.ടി.ഡി.എഫ്.സി യുടെ വിവിധ പദ്ധതികൾക്കും, കെ.എസ്.ആർ.ടി.സി യ്ക്ക് ആവശ്യമായ ലോണുകൾ ലഭ്യമാക്കുന്നതിനും, കൂടുതൽ തുകകൾ പൊതുജനങ്ങളിൽ നിന്നും സമാഹരിക്കുവാനും വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിക്സഡ് ഡിപ്പോസിറ്റുകൾക്കുള്ള ഗ്യാരന്റി ലിമിറ്റ് 1000 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>കെ.ടി.ഡി.എഫ്.സി യിൽ നിന്നും നൽകിയിട്ടുള്ള ലോണുകളിൽ തിരിച്ചടവ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ള വായ്പക്കാരിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനുവേണ്ടി റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കായി കുടിശ്ശിക വരുത്തിയിട്ടുള്ള വായ്പക്കാർക്കെതിരെ ചെക്ക് കേസ്സുകൾ, സാലറി റിക്കവറി നടപടികൾ, റവന്യൂ റിക്കവറി നടപടികൾ എന്നിവ എടുത്തു വരുന്നു. കെ.ടി.ഡി.എഫ്.സി യുടെ ആദ്യത്തേതും പൂർണ്ണമായും പ്രവർത്തനസജ്ജവുമായ ബി.ഒ.ടി സംരംഭമായ കെ.ടി.ഡി.എഫ്.സി ഹെഡ് ഓഫീസ് കൂടി സ്ഥിതി ചെയ്യുന്ന വഴുതക്കാടുള്ള ട്രാൻസ് ടവർ ബിൽഡിംഗിലെ ഒഴിഞ്ഞു കിടന്നിരുന്ന സ്ഥലങ്ങൾ കൂടി പൂർണ്ണമായും വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വാടകയ്ക്ക് നൽകുവാൻ ഇപ്പോൾ കഴിഞ്ഞിട്ടുള്ളതാണ്.<br><br>കൂടാതെ കെ.ടി.ഡി.എഫ്.സി പ്രവർത്തനം മെച്ചപ്പെടുത്തുക എന്നുള്ള ലക്ഷ്യത്തോടുകൂടി പ്രോജക്റ്റ്/കൺസ്ട്രക്ഷൻ ലോണുകൾ നൽകിവരുന്നതിന് പ്രത്യേകം ശ്രദ്ധചെലുത്തിവരുന്നു. കൂടാതെ, സർക്കാർ നിർദ്ദേശപ്രകാരം ടാഗോർ തിയേററിന്റെ ആധുനികവത്കരണം കെ.ടി.ഡി.എഫ്.സി ഏറെറടുത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; | (ബി) | പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ആർ.ബി.ഐ നിർദ്ദേശങ്ങൾ പാലിച്ച് ഡിപ്പോസിററ് സ്വീകരിക്കുന്നു. കെ.എസ്.ആർ.ടി.സിയ്ക്ക് ലോണുകൾ നൽകിവരുന്നു. വാഹനവായ്പകൾ, പ്രോജക്റ്റ്/കൺസ്ട്രക്ഷൻ ലോണുകൾ, ഹൗസിംഗ് ലോണുകൾ എന്നിവ നൽകിവരുന്നു.<br>കെ.എസ്.ആർ.ടി.സി യുമായി ചേർന്നുകൊണ്ട് ബി.ഒ.ടി അടിസ്ഥാനത്തിൽ അങ്കമാലി, കോഴിക്കോട്,തിരുവനന്തപുരം സെൻട്രൽ, തിരുവല്ല എന്നിവിടങ്ങളിലെ ബസ്സ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കോംപ്ലക്സുകൾ കെ.ടി.ഡി.എഫ്.സി നിർമ്മിച്ചു വരുന്നു. കൂടാതെ മലപ്പുറം,കരുനാഗപ്പള്ളി ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കോംപ്ലക്സ് ബി.ഒ.ടി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | സർക്കാർ നിർദ്ദേശപ്രകാരം തിരുവനന്തപുരത്തുള്ള ടാഗോർ തിയേററിന്റെ ആധുനികവത്കരണം കെ.ടി.ഡി.എഫ്.സി ഏറെറടുത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ബി.ഒ.ടി അടിസ്ഥാനത്തിൽ കെഎസ്.ആർ.ടി.സി ബസ് ടെർമിനലുകൾ ആരംഭിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (സി) | കെ.എസ്.ആർ.ടി സിയുടെ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി നേരിട്ടും, ബി.ഒ.ടി അടിസ്ഥാനത്തിലും വാണിജ്യപ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഒന്നാം ഘട്ടമായി 30 ബസ് സ്റ്റേഷനുകളിലും അനന്തരം രണ്ടാം ഘട്ടമായി 29 ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ഒന്നാം ഘട്ടമായി അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), പേരൂർക്കട,സ്റ്റാഫ് ട്രെയിനിംഗ് സെന്റർ (ഫോർട്ട് തിരുവനന്തപുരം),മലപ്പുറം,തിരുവല്ല,കരുനാഗപ്പള്ളി എന്നീ ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ബി.ഒ.ടി അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി മുഖേന ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിൽ അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഉത്ഘാടനം ജനുവരിയിൽ നടക്കും. കോഴിക്കോട്, തിരുവല്ല, തിരുവനന്തപുരം സെൻട്രൽ എന്നീവിടങ്ങളിൽ പണി ആരംഭിച്ച് പുരോഗതിയിലാണ്. |
| (ഡി) | കെ.ടി.ഡി.എഫ്.സി റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് എത്ര കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്; | (ഡി) | കെ.എസ്.ആർ.ടി.സി ക്ക് 2001-02 മുതൽ നാളിതുവരെ 1526.54 കോടി രൂപ നൽകിയിട്ടുണ്ട്. |
| (ഇ) | കെ.ടി.ഡി.എഫ്.സിയുടെ പ്രവർത്തനം ലാഭകരമാണോ എന്ന് വ്യക്തമാക്കുമോ? | (ഇ) | കെ.ടി.ഡി.എഫ് സി യുടെ ഫൈനലൈസ് ചെയ്ത അക്കൗണ്ടുകൾ പ്രകാരം 2007-08 സാമ്പത്തിക വർഷം ഒഴികെ മറെറല്ലാ വർഷങ്ങളിലും കെ.ടി.ഡി.എഫ്.സി ലാഭത്തിലാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216 30/12/2010-ൽ മറുപടിയ്ക്ക്

### അർബുദരോഗ ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. പി. വിശ്വൻ :<br>ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീ. കെ. കുഞ്ഞിരാമൻ : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി) |

---

| | |
|---|---|
| (എ) അർബുദരോഗ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) റീജിയണൽ കാൻസർ സെൻററിൽ അർബുദരോഗ ചികിത്സയ്ക്ക് ആവശ്യമായ ഒട്ടുമിക്ക രോഗ നിർണ്ണയ ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അത്യാധുനികവും, സാങ്കേതികമികവുമുള്ള എം. ആർ. ഐ സ്കാനർ, സി.റ്റി. സ്കാൻ മെഷീനുകൾ, മാമോഗ്രാം, എക്സ്റേ മെഷീനുകൾ, അൾട്രാസോണോഗ്രാഫി മെഷീനുകൾ, ബോൺ സ്കാനർ, റേഡിയോ തെറാപ്പി മെഷീനുകൾ, മൈക്രോവാസ്ക്കുലാർ ടിഷ്യു ട്രാൻസ്ഫർ ഉൾപ്പെടെയുള്ള ആധുനിക ശസ്ത്രക്രിയ സംവിധാനങ്ങൾ എന്നിവ ആർ. സി. സി യിൽ നിലവിലുണ്ട്. ആധുനിക രീതിയിലുള്ള ബ്ലഡ്ബാങ്ക്, മജ്ജ മാറ്റിവയ്ക്കൽ സംവിധാനം, ആധുനിക സംവിധാനങ്ങളോടുകൂടിയ ലാബുകൾ കൂടാതെ പുതുതായി ഒരു മൈക്രോബയോളജി സംവിധാനവും ആർ. സി. സിയിലുണ്ട്. ദൂരസ്ഥലങ്ങളിൽ നിന്നും എത്തുന്ന രോഗികൾക്ക് അവരുടെ തുടർ ചികിത്സയ്ക്ക് ഒരു ടെലിമെഡിസിൻ ശൃംഖല ആർ. സി. സി യുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു.<br>മലബാർ കാൻസർ സെൻററിൽ അർബുദരോഗചികിത്സയ്ക്കുള്ള കീമോതെറാപ്പി, റേഡിയോ തെറാപ്പി, സർജറി, സാന്ത്വന ചികിത്സാ വിഭാഗം, കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം എന്നിവ പ്രവർത്തിച്ചു വരു |

ന്നു. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും അർബുദ രോഗ ചികിത്സയ്ക്ക് മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും മെച്ചപ്പെട്ട റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്നതിനായി കോട്ടയം മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലേറ്റർ എന്ന ഉപകരണം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിലും ഈ ഉപകരണം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എല്ലാ ജില്ലാ/ജനറൽ/ഡബ്ല്യൂ ആൻഡ് സി ആശുപത്രികളിലും ചില താലൂക്ക് ആശുപത്രികളിലും വിവിധ സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെൻറുകളുടെ ഭാഗമായി കാൻസർ രോഗനിർണ്ണയവും, സർജിക്കൽ ചികിത്സകളും നടന്നു വരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ റേഡിയോതെറാപ്പി ചികിത്സയ്ക്കുള്ള സൗകര്യമുണ്ട്.

| | | | |
|---|---|---|---|
| ബി) | കാൻസർ രോഗ നിർണ്ണയത്തിന് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുമോ; | (ബി) | നിലവിൽ സംസ്ഥാനത്ത് പാലക്കാട് കഞ്ചിക്കോടും കൊച്ചിയിലെ കലൂരും, കൊല്ലം ജില്ലയിലെ നീണ്ടകര, കണ്ണൂർ മലബാർ കാൻസർ കെയർ സൊസൈറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഇ.സി.ഡി.സിയിലും പത്തനംതിട്ട ജില്ലാ ആശുപത്രിയിലും മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് കാൻസർ രോഗത്തിന് ഗവേഷണവും ചികിത്സാ സൗകര്യവുമുള്ളത്; | (സി) | ആർ. സി. സി കൂടാതെ രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി, അമല കാൻസർ റിസർച്ച് സെൻറർ, തൃശൂർ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കൊച്ചി, മലബാർ കാൻസർ സെൻറർ, തലശ്ശേരി എന്നിവിടങ്ങളിൽ കാൻസർ ഗവേഷണം നടക്കുന്നുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും എം. സി. സി, ആർ. സി.സി, അമല കാൻസർ റിസർച്ച് സെൻറർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, പരിയാരം മെഡിക്കൽ കോളേജ് എന്നിവടങ്ങളിലും കാൻസർ രോഗ ചികിത്സയ്ക്കുള്ള സൗകര്യമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം റീജിയണൽ കാൻസർ സെൻററിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; | (ഡി) | റീജിയണൽ കാൻസർ സെൻററിൽ രോഗികളെ കിടത്തി ചികിത്സിയ്ക്കുന്നതിനാവശ്യമായ സ്ഥല പരിമിതിക്ക് പരിഹാരം കാണുന്നതിനായി ഒരു പത്ത്നില കെട്ടിടത്തിൻെറ പണി പുരോഗമിച്ചുവരുന്നു. എക്സ്റേ യൂണിറ്റിൻെറ ഡിജിറ്റലൈസേഷൻ, ഡിജിറ്റൽ മാമോഗ്രഫി യൂണിറ്റ്, പിക്ച്ചർ ആർക്കൈവൽ ആൻഡ് കമ്മ്യൂണിക്കേഷൻ സിസ്റ്റം (PACS) എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. രണ്ട് ലീനിയർ ആക്സിലേറ്ററുകൾ വാങ്ങിയതിൽ ഒരെണ്ണം കമ്മീഷൻ ചെയ്തു. മറ്റൊരെണ്ണം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. റേഡിയോതെറാപ്പി നെറ്റ് വർക്കിംഗ് സംവിധാനവും ആർ. സി. സിയിലുണ്ട്. ലാബുകളുടെ നവീകരണവും സ്ത്രീകളിലുണ്ടാകുന്ന കാൻസർ ചികിത്സക്ക് പ്രാധാന്യം കൊടുത്ത് മാമോഗ്രാം, കോൾപ്പോസ്കോപ്പ് എന്നിവ സ്ഥാപിക്കുന്നതിനും ബ്രാക്കിതെറാപ്പി യൂണിറ്റ് അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | റീജിയണൽ കാൻസർ സെൻററിലെ തിരക്ക് കുറയ്ക്കുന്നതിന് എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുമോ? | (ഇ) | എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും വിദഗ്ദ്ധ ചികിത്സാ സൗകര്യമൊരുക്കിയിട്ടുണ്ട്. ജില്ലാ/ജനറൽ/ഡബ്ല്യൂ ആൻഡ് സി ആശുപത്രികളിലും ചില താലൂക്ക് ആശുപത്രികളിലും പരിമിതമായ തോതിൽ കാൻസർ രോഗനിർണ്ണയവും സർജിക്കൽ ചികിത്സകളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാംകേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.217 — 30.12.2010 — ൽ മറുപടിക്ക്

## കെ.എസ്.റ്റി.പി. ഒന്നാംഘട്ട പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.വാഹിദ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ. എം.വിജയകുമാർ<br>(ബഹു. നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി) |

(എ) കെ.എസ്.ടി.പി.യുടെ ഒന്നാംഘട്ടം ഇനിയും പൂർണ്ണമായും പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ;

(എ) ഇല്ല.

(ബി) ഇല്ലെങ്കിൽ ഇതിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന എന്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) താഴെപ്പറയുന്ന പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിയ്ക്കാനുള്ളത്.

1. നവീകരണ ജോലികളിൽ 254.49 കി.മീ. ലക്ഷ്യമിട്ടതിൽ 98 % ജോലികളും പൂർത്തീകരിച്ചു. എന്നാൽ ഷോൾഡറുകൾ, ഓടകൾ, റീട്ടെയിനിംഗ് ഭിത്തികൾ, കവലകൾ, സൈൻ ബോർഡുകൾ, അപ്രോച്ച് റോഡുകൾ തുടങ്ങി 2 % ജോലികൾ ഇനിയും തീർക്കാനുണ്ട്.
2. 1156 കി.മീ. ഹെവിമെയിന്റനൻസ് ജോലികളിൽ 2 % ജോലികൾ പൂർത്തീകരിയ്ക്കേണ്ടതായിട്ടുണ്ട്.
3. 302.10 കി.മീ.റീസർഫസിങ് ജോലികൾ പൂർത്തീകരിച്ചുവരുന്നു.

(സി) ഒന്നാംഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാകാത്തതുമൂലം ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയുടെ അധികബാദ്ധ്യത ഉണ്ടായിട്ടുണ്ട് എന്നറിയിക്കുമോ;

(സി) അധികബാധ്യത കണക്കാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; | (ഡി) | 31.12.2007, എന്നാൽ പിന്നീടത് 31.12.2010 വരെയാക്കി ദീർഘിപ്പിച്ചു. |
| (ഇ) | ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന റോഡ് നിർമ്മാണത്തിന് ഒരു കി.മീറ്ററിന് എത്ര തുകയാണ് ചെലവ് കണക്കാക്കിയിരുന്നത്; | (ഇ) | റോഡ് നവീകരണത്തിന് കിലോമീറ്ററിന് ശരാശരി 2.4 കോടി രൂപയും ഹെവി മെയിന്റനൻസിന് 50.8 ലക്ഷം രൂപയും, റീസർഫസിങ്ങിന് 18.8 ലക്ഷം രൂപയുമാണ് കണക്കാക്കിയിരിക്കുന്നത്. |
| (എഫ്) | ഈ പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തിന് മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിരുന്ന വിലയേക്കാൾ എത്ര ശതമാനം അധികം നൽകേണ്ടിവന്നു; | (എഫ്) | മാർക്കറ്റ് വിലയിൽ കൂടുതൽ തുക സ്ഥല മെടുപ്പിനായി നൽകിയിട്ടില്ല. |
| (ജി) | ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി ഇതുവരെ ലോകബാങ്ക് സഹായമായി എത്ര കോടി രൂപയാണ് ലഭ്യമായത്; ഇതിന്റെ സംസ്ഥാനവിഹിതമായി ഇതു വരെ എത്ര കോടി ചെലവഴിച്ചു? | (ജി) | 940 കോടി രൂപ ലോകബാങ്ക് സഹായം ലഭിച്ചിട്ടുണ്ട്. 519 കോടി രൂപ സംസ്ഥാന വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 218 — 30-12-2010-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.കെ.വി. കുഞ്ഞിരാമൻ<br>ശ്രീ.എം.എം.മോനായി<br>ശ്രീ. സാജു പോൾ | **ശ്രീ. എം. വിജയകുമാർ**<br>(നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ)<br>സംസ്ഥാനത്ത് എത്ര സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നു; എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ)<br>സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ രണ്ട് സ്പോർട്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു.<br>1) ജി.വി.രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം<br>2) സ്പോർട്സ് ഡിവിഷൻ, കണ്ണൂർ |
| ബി)<br>എല്ലാ ജില്ലകളിലും സ്പോർട്സ് സ്കൂളുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; | (ബി)<br>ഒരു ജില്ലയിൽ ഒരു സ്പോർട്സ് സ്കൂൾ എന്ന പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| സി)<br>സ്പോർട്സ് സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് | സി)<br>സ്പോർട്സ് സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ണൂർ സ്പോർട്സ് ഡിവിഷന് കെട്ടിടവും ട്രാക്കും നിർമ്മിക്കുന്നതിന് 1 കോടി രൂപയും തിരുവനന്തപുരത്തെ ജി.വി.രാജ സ്പോർട്സ് സ്കൂളിന് മെച്ചപ്പെട്ട സൗകര്യങ്ങൾ |

നൽകുന്നത്; ഇത് വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ?

ഒരുക്കുന്നതിനുവേണ്ടി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് ഭക്ഷണവും താമസ സൗകര്യവും കായിക പരിശീലനവും പോക്കറ്റ് മണിയും കായികോപകരണങ്ങളും നൽകുന്നുണ്ട്. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 219. **30.12.2010** ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം

**ചോദ്യം**
ശ്രീ. സി.ടി. അഹമ്മദ് അലി
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

**ഉത്തരം**
ശ്രീ. ജോസ് തെറ്റയിൽ
ഗതാഗതവകുപ്പ് മന്ത്രി.

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ ലാഭനഷ്ടങ്ങളില്ലാത്തവിധം പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആ വിധത്തിലുള്ള പഠനം ആരംഭിക്കുമോ; | (എ) | ഉണ്ട്. CRISIL എന്ന സ്ഥാപനം കെ.എസ്.ആർ.ടി.സി യുടെ ഭരണ നവീകരണത്തെക്കുറിച്ച് പഠനം നത്തിയിട്ടുണ്ട്. എന്നാൽ ഈ റിപ്പോർട്ടിൽ സർവ്വീസ് ഓപ്പറേഷൻ പോലുള്ള മർമ്മ പ്രധാനങ്ങളായ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി യുടെ നവീകരണത്തെക്കുറിച്ച് സർക്കാരിന്റെ ഉന്നതാധികാര സമിതി വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള പഠനങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ക്കനുസൃതമായി കോർപ്പറേഷന്റെ പ്രവർത്തനം ക്രമീകരിച്ച് ലാഭത്തിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരികയാണ്. 01/04/1965 ൽ ട്രാൻസ്പോർട്ട് ഡിപ്പോർട്ടുമെന്റിൽ നിന്നാണ് കെ.എസ്.ആർ.ടി.സി രൂപം കൊള്ളുന്നത്.ഏതാണ്ട് 1967–68 മുതൽ കോർപ്പറേഷൻ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കോർപ്പറേഷന്റെ നഷ്ടത്തിന്റെ കാരണങ്ങളെക്കുറിച്ചും നഷ്ടം മറികടക്കുന്നതിനുള്ള മാർഗ്ഗങ്ങളെ ക്കുറിച്ചും സർക്കാർ കാലാകാലങ്ങളിൽ സ്വന്തമായും വിവിധ സ്വകാര്യ ഏജൻസികൾ മുഖേന യും, നിയമസഭാസമിതികൾ വഴിയും പഠനം നടത്തിയുട്ടുണ്ട്. 2003 മാർച്ചിലെ ക്രസിൽ റിപ്പോർട്ട്, ഡോ. സുശീൽ ഖന്ന റിപ്പോർട്ട്, ഉന്നതാധികാര സമിതി റിപ്പോർട്ട്,കെ.എസ്.ആർ.ടി.സി യുടെ സി.എം.ഡി യുടെ ശുപാർശയിന്മേൽ ക്യാബിനററ് കമ്മിററി സമർപ്പിച്ച റിപ്പോർട്ട് എന്നിവ കെ.എസ്.ആർ.ടി.സി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനുവേണ്ടി സമർപ്പിക്കപ്പെട്ടവയാണ്. ടി റിപ്പോർട്ടുകളിൽ അവസാനമായി സമർപ്പിച്ച ക്യാബിനററ് സബ് കമ്മിററി റിപ്പോർട്ടിൽ, സർക്കാർ കെ.എസ്.ആർ.ടി.സി |

| | | | |
|---|---|---|---|
| | | | യുടെ പുന:രുദ്ധാരണത്തിനും, നിലനിൽപ്പിനുംവേണ്ടി 11 ശുപാർശകൾ അടങ്ങിയ ഒരു പാക്കേജ് നടപ്പിലാക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. ടി നിർദ്ദേശങ്ങൾ എല്ലാം തന്നെ കോർപ്പറേഷൻ നടപ്പിലാക്കികഴിഞ്ഞു. |
| (ബി) | കെ.എസ്.ആർ.ടി.സി. തുടർച്ച യായി പ്രവർത്തന നഷ്ടം നേരിടുന്നതിനും, സഞ്ചിത നഷ്ടം വർദ്ധിച്ചുവ രുന്നതിനുമുള്ള കാരണങ്ങളെ ക്കുറിച്ച് ഇതേ വരെയുള്ള പ്രധാനകണ്ടെത്ത ലുകൾ എന്തെല്ലാമെന്ന് വിശ ദീകരിക്കുമോ ; | (ബി) | കോർപ്പറേഷൻ പ്രർത്തന വരുമാനം പ്രവർത്തന ചിലവി (variable cost) നേക്കാൾ കൂടുതൽ വരുന്നുണ്ട്. എന്നാൽ മുഴുവൻ ചിലവുകളും നേരിടുന്നതിന് വരുമാനം പര്യാപ്തമല്ല. 10/12/2010 ൽ കൂടിയ 359 ാം ബോർഡ് മീറ്റിംഗിൽ അജൻഡ നമ്പർ 181/2010 പ്രകാരം കെ.എസ്.ആർ.ടി.സിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് കെ.എസ്.ആർ.ടി.സി യുടെ നഷ്ടത്തിന്റെ പ്രധാന കാരണങ്ങളായി താഴെപ്പറയുന്ന മൂന്ന് കാരണങ്ങളാണ് കണ്ടെത്തിയിരിക്കുന്നത്.<br>1. യാതൊരു വിദഗ്ധ പഠനവും, കൂടാതെ കെ.എസ്.ആർ.ടി.സി യിൽ ഏർപ്പെടുത്തിയ പെൻഷൻ വിതരണം.<br>2. സർക്കാരിന്റെ സാമൂഹ്യബാദ്ധ്യത നിറവേററുന്നതിന്റെ ഭാഗമായി വിവിധ വിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം.<br>3. പൊതുതാൽപ്പര്യപ്രകാരം ലാഭകരമല്ലാത്ത റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതുമൂലമുണ്ടാകുന്ന നഷ്ടം. അടിക്കടിയുണ്ടാകുന്ന ഡീസൽ വിലവർദ്ധനയും അതിനനുസരിച്ച് ചാർജ് വർദ്ധന നടപ്പാക്കാതിരിക്കുന്നതും കോർപ്പറേഷനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളി വിടുന്ന കാരണങ്ങളിൽ ഒന്നാണ്.സാമൂഹിക ബാദ്ധ്യത, സാമ്പത്തിക ലാഭമില്ലാത്ത സർവ്വീസുകൾ നടത്തുന്നതുമൂലമുണ്ടാകുന്ന നഷ്ടം, മുൻകാല ബാദ്ധ്യതകൾ തീർക്കുന്നതിനുവേണ്ടി എടുത്ത ലോണുകളുടെ തിരിച്ചടവ്, പെൻഷനും,പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിലുണ്ടായ വർദ്ധന എന്നിവയാണ് കെ.എസ്.ആർ.ടി.സി തുടർച്ചയായി പ്രവർത്തന നഷ്ടം നേരിടുന്നതിനും സഞ്ചിത നഷ്ടം വർദ്ധിച്ചുവരുന്നതിനുമുള്ള കാരണങ്ങളായി ഇതേവരെയുള്ള പ്രധാന കണ്ടെത്തലുകൾ. |
| (സി) | കെ.ടി.ഡി.എഫ്.സി. യുമാ യുള്ള സാമ്പത്തിക ഇടപാടുകൾ കോർപ്പറേഷന് നഷ്ടം വരുത്തുന്നതിനുള്ള ഒരു കാര ണമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ അതിനുള്ള പരിഹാരം കണ്ടെത്തിയിട്ടുണ്ടോ; | (സി) | കെ.എസ്.ആർ.ടി.സി യുടെ നഷ്ടത്തിനുള്ള കാരണമല്ല കെ.ടി.ഡി.എഫ്.സി യുമായുള്ള സാമ്പത്തിക ഇടപാട്. കെ.എസ്.ആർ.ടി.സി യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ഈ അന്തരം കെ.ടി.ഡി.എഫ്.സി യിൽ നിന്ന് വായ്പയെടുത്താണ് നികത്തുന്നത്. കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തന മൂലധനത്തിന് വേണ്ടിയാണ് കെ.ടി.ഡി.എഫ്.സിയിൽ നിന്ന് ലോൺ എടുക്കുന്നത്.കെ.എസ്.ആർ.ടി.സി യുടെ വരവും,ചെലവും തമ്മിലുള്ള അന്തരം അനുദിനം വർദ്ധിച്ചു വരുന്നുണ്ട്. ടി അന്തരം വർദ്ധിക്കുന്നതിനനുസരിച്ച് കെ.ടി.ഡി.എഫ്.സി യിൽ |

| | | | |
|---|---|---|---|
| | | | നിന്ന് എടുക്കുന്ന വായ്പയുടെ തോതും ടി ലോണുകളുടെ തിരിച്ചടവും വർദ്ധിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ടി ലോണുകളുടെ പ്രതിമാസ തിരിച്ചടവ് കുറയ്ക്കുന്നതിനുവേണ്ടി വായ്പകളുടെ പുനർ ക്രമീകരണത്തിനായി കെ.ടി.ഡി.എഫ്.സി യെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ 30/11/2009 വരെ എടുത്ത വായ്പകളുടെ കാലാവധി ഇരട്ടിയാക്കിയും,നിലവിലുള്ള നിരക്കിന്റെ 10% കൂടുതൽ(പരമാവധി 13.5%) പലിശയോടുകൂടി 01/11/2010 മുതൽ പുനർക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | അയൽ സംസ്ഥാനങ്ങളിലെ സമാന സ്ഥാപനങ്ങൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ; | (ഡി) | അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്,ആന്ധ്രാ, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ വിവിധ കോർപ്പറേഷനുകളുടെ 2008-09 ലെ ലാഭനഷ്ട കണക്ക് പരിശോധിച്ചതിൽ തമിഴ്നാട്ടിലെ പ്രധാനപ്പെട്ട കോയമ്പത്തൂർ, വില്ലുപുരം,മധുര,കുംഭകോണം എന്നീ കോർപ്പറേഷനുകൾ നഷ്ടത്തിലായിരുന്നു എന്നു കാണുന്നു. ഈ നഷ്ടം ഉണ്ടായിരിക്കുന്നത് 253.99 കോടി രൂപയുടെ ഗവ. സബ്സിഡി ലഭിച്ചതിനു പുറമെയാണ്. ആന്ധ്രാപ്രദേശ് എസ്.ആർ.ടി.സി., കർണ്ണാടക എസ്.ആർ.ടി.സി എന്നിവ 2008-09 വർഷത്തിൽ താഴെപ്പറയും പ്രകാരം ലാഭമുണ്ടാക്കിയിട്ടുണ്ട്.<br>കർണ്ണാടക - 57.71 കോടി രൂപ.<br>ആന്ധ്രാ - 11079 കോടി രൂപ.<br>ഈ കാലയളവിൽ മേൽപ്പറഞ്ഞ കോർപ്പറേഷനുകൾക്ക് സംസ്ഥാന സർക്കാർ നൽകിയ സബ്സിഡി താഴെ പറയും പ്രകാരമാണ്.<br>കർണ്ണാടക - 70.73 കോടി രൂപ.<br>ആന്ധ്രാ - 469.37 കോടി രൂപ. |
| (ഇ) | കോർപ്പറേഷന്റെ തലപ്പത്ത് മാനേജ്മെന്റ് വിദഗ്ധരുടെ സേവനം ലഭ്യമാക്കി, സമയബന്ധിതമായി അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി പ്രവർത്തന നഷ്ടം ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | കോർപ്പറേഷന്റെ തലപ്പത്ത് മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി യിലെ ജനറൽ മാനേജർ തസ്തിക 26/07/2010 ൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 220* | 30.12.2010 ൽ മറുപടിക്ക്

## മരാമത്ത് പണികളുടെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ :<br>ശ്രീ. പി. കെ. അബ്ദുറബ്ബ് :<br>ശ്രീ. യു. സി. രാമൻ :<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : | എം. വിജയകുമാർ<br>(നിയമവും മരാമത്തും<br>പാർലമെന്ററികാര്യവും<br>സ്പോർട്ട്സും വകുപ്പു മന്ത്രി) |
| (എ) റോഡിലെ കുഴികളെല്ലാം സമയബന്ധിതമായി അടയ്ക്കുമെന്ന പ്രഖ്യാപനം നടപ്പാവാത്തതുമൂലമാണ് മൺസൂൺ കനത്തതോടെ റോഡുകൾ താറുമാറായത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) റോഡിലെ മിക്കവാറും കുഴികളെല്ലാം തന്നെ മൺസൂണിന് മുമ്പായി അടയ്ക്കുകയുണ്ടായി. മുമ്പ് ഉണ്ടായിട്ടില്ലാത്തവിധം ഉണ്ടായ കാലവർഷം മൂലം കുഴികൾ വീണ്ടും രൂപപ്പെടുകയുമാണുണ്ടായത്. |
| (ബി) റോഡുകളിലെ പാച്ച് വർക്കുകൾ അപ്പപ്പോൾ ചെയ്യാനുള്ള സ്ഥിരം സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കുമോ ; ഇക്കാര്യത്തിൽ വിദഗ്ദ്ധരുടെയും, മുൻ എൻജിനീയർമാരുടെയും അഭിപ്രായ രൂപീകരണം നടത്തുമോ ; | (ബി) സംസ്ഥാനത്തെ പ്രധാന റോഡുകൾ കാലാവസ്ഥ വ്യതിയാനം മൂലം തകരാറിലാകാതിരിക്കുന്നതിനും മഴക്കാലത്തും കുറ്റമറ്റ രീതിയിൽ റോഡു പണി നടത്തുന്നതിനെ കുറിച്ചും പഠനം നടത്തുന്നതിനു ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇന്ത്യൻ റോഡ് കോൺഗ്രസ്, ബോർഡർ റോഡ് ഓർഗനൈസേഷൻ എന്നിവയുടെ പ്രതിനിധികൾ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. |
| (സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലെ വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതുമൂലം പണി പൂർത്തിയായാലുടൻ വീണ്ടും റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാതെ റോഡുപണി പൂർത്തിയായാലുടൻ വീണ്ടും വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാനായി ഇപ്പോൾ തന്നെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിലുണ്ട്. |
| (ഡി) ജനുവരി അവസാനിക്കുമ്പോൾ റോഡുകളെല്ലാം നേരെയാക്കുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (ഡി) അപ്രതീക്ഷിതമായ ശക്തവും തുടർച്ചയായതുമായ മഴ മൂലമാണ് അറ്റകുറ്റപ്പണികൾ മന്ദീഭവിച്ചത്. 2011 ജനുവരിയോടെ അറ്റകുറ്റ പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് |

(ഇ) മരാമത്ത് ജോലികളുടെ എ.എസ്., ടി.എസ്., ടെണ്ടർ നടപടികൾ, എക്സിക്യൂഷൻ എന്നീ ഓരോ ഘട്ടത്തിലും അനാവശ്യ കാലതാമസം ഉണ്ടാകുന്നതുമൂലം വരുന്ന അധികച്ചെലവിന്റെയും വരുമാനനഷ്ടത്തിന്റെയും കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള പരിഹാര നടപടികൾ എന്തെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

(ഇ) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയ്ക്കനുസരണമായി ടെണ്ടർ സമർപ്പിക്കാനുള്ള സമയം 7 ദിവസം മുതൽ 14 ദിവസം വരെയായി കുറച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ODR/MDR റോഡുകളുടെ അറ്റകുറ്റപ്പണികളുടെ വിജ്ഞാപനം അതത് ജില്ലകളിൽ നിന്നും എക്സി. എഞ്ചിനീയർ തലത്തിൽ പ്രസിദ്ധീകരിക്കാനും അനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിന് ശേഷം ടി.എസ്., ടെണ്ടർ നടപടികൾ, എക്സിക്യൂഷൻ എന്നിവയ്ക്കായി നിശ്ചിത സമയക്രമം പാലിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികൾക്ക് ഒരു പ്രാവശ്യം മാത്രമേ സമയപരിധി ദീർഘിപ്പിച്ചു നൽകുകയുള്ളൂ. രണ്ടാമത് സമയപരിധി ദീർഘിപ്പിച്ച് നൽകേണ്ടി വന്നാൽ കരാറുകാർ നിശ്ചിത തുക പിഴയായി സർക്കാരിൽ ഒടുക്കേണ്ടതാണ്. രണ്ടാമതും ദീർഘിപ്പിച്ചു നൽകുന്ന കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദാക്കി പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221 | 30-12-2010 ൽ മറുപടിയ്ക്ക് |
|---|---|

## ഭൂഗർഭ ജലശേഖരം സംബന്ധിച്ച പഠനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ, ജലവിഭവ വകുപ്പുമന്ത്രി |
| എ) സംസ്ഥാനത്തെ ഭൂഗർഭ ജലശേഖരം സംബന്ധിച്ച പഠനങ്ങളോ സ്ഥിതി വിവര ശേഖരണമോ നടത്തിയിട്ടുണ്ടോ; | എ) സംസ്ഥാനത്തെ ഭൂജലശേഖരം സംബന്ധിച്ച് കേന്ദ്ര ഭൂജലബോർഡും, സംസ്ഥാന ഭൂജലവകുപ്പും സംയുക്തമായി ഓരോ അഞ്ച് വർഷംതോറും പഠനം നടത്തുന്നു. |
| ബി) എങ്കിൽ എന്നാണ് ഇത് നടത്തിയതെന്നും ലഭിച്ച വിവരങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | ബി) കേന്ദ്ര ഭൂജല ബോർഡും ഭൂജലവകുപ്പും സംയുക്തമായി 2004 മാർച്ച് മാസം വരെയുള്ള ഡാറ്റ ഉപയോഗപ്പെടുത്തികൊണ്ടാണ് പഠനം നടത്തിയിട്ടുള്ളത്. ഈ പഠനത്തിന്റെ റിപ്പോർട്ട് 'ഡയിനാമിക് ഗ്രൗണ്ട് വാട്ടർ റിസോർസസ് ഓഫ് കേരള' എന്ന പേരിൽ 2006-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| സി) സമീപകാലത്ത് ജലചൂഷണത്തിലുണ്ടായ വർദ്ധനവുമൂലം ഭൂഗർഭ ജലവിതാനത്തിൽ ഉണ്ടായ വ്യതിയാന | സി) സംസ്ഥാന ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്ന നാഷണൽ ഹൈഡ്രോളജി പ്രൊജക്റ്റിന്റെ ഭാഗമായി കേരളത്തിലെ ഭൂജല വിതാനത്തിന്റെ വ്യതിയാനങ്ങൾ പഠനവിധേയമാക്കുവാൻ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള 758 കിണറുകളിൽ 366 |

. . . . 2

| | | |
|---|---|---|
| ത്തെക്കുറിച്ച് വിവര ശേഖരണം നടത്തിയി ട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | | തുറന്ന കിണറുകളും 392 പീസോമീറ്ററുകളും ഉൾപ്പെടുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ നിരീക്ഷണ വിധേയമായ 40%-ലേറെ സാധാരണകിണറുകളിലും തിരുവനന്തപുരം, കൊല്ലം, കോട്ടയം, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിരീക്ഷണ വിധേയമായ 40%-ലേറെ കുഴൽക്കിണറുകളിലും ജലനിരപ്പ് താഴ്ന്നതായി കണ്ടെത്തിയിട്ടുണ്ട്. ട്യൂബ് വെല്ലുകളിലെയും ബോർവെല്ലുകളിലെയും ജലവിതാനത്തിന്റെ കുറവ് ഉണ്ടാകാനുള്ള കാരണം അവയുടെ എണ്ണത്തിലുള്ള വർദ്ധനവും വേനൽ കാലത്തെ വർദ്ധിച്ച ഭൂജലത്തിന്റെ പമ്പിംഗും ആണ്. പ്രത്യേകിച്ചും ആലപ്പുഴ, കൊല്ലം പ്രദേശങ്ങളിലെ പൊതു കുടിവെള്ള സ്രോതസ്സുകളായ ട്യൂബ് വെല്ലുകളിലാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. മഴയുടെ അളവിലുണ്ടായ കുറവ് ഇത് അധികരിക്കുന്നതിന് കാരണമായിട്ടുണ്ട്. |
| ഡി) അമിത ജലചൂഷണം തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | ഡി) | സംസ്ഥാനത്തെ അമിത ജലചൂഷണം തടയുവാനും ഭൂജല ഉപയോഗം നിയന്ത്രിക്കുവാനുമായി -കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 രൂപീകരിക്കുകയും അതിൻപ്രകാരം കേരള ഭൂജല അതോറിറ്റി 15-01-2004 തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് അമിത ജലചൂഷണ (over exploited) വിധേയമായ ബ്ളോക്കുകളിൽ പുതിയ കിണറുകൾ കുഴിക്കുവാനും, നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുവാനും ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. ഇതുകൂടാതെ സംസ്ഥാനത്ത് 1.5 എച്ച്.പിയിൽ അധികം മോട്ടോർ |

ഘടിപ്പിച്ചിട്ടുള്ള തുറന്ന കിണറുകൾ, 3 എച്ച്.പി.യിൽ അധികം ശേഷിയുള്ള മോട്ടോർ ഘടിപ്പിച്ചിട്ടുള്ള ബോർ വെല്ലുകൾ എന്നിവ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

സെക്ഷൻ ഓഫീസർ

ജലസേചനം

DYNAMIC GROUND WATER RESOURCES OF KERALA

LIST OF CRITICAL AND SEMICRITICAL BLOCKS IN KERALA

| Name of District | Name of block | Net GW (MCM) | Total draft (MCM) | Stage of development (%) | Categorization |
|---|---|---|---|---|---|
| Thiruvananthapuram | Chirayinkeezhu | 49.24 | 20.73 | 119.97 | Critical |
| Idukki | Kattappana | 14.13 | 13.53 | 95.75 | Critical |
| Ernakulam | Angamali | 66.44 | 40.17 | 60.46 | Critical |
| Ernakulam | Pampakuda | 41.66 | 33.26 | 79.84 | Critical |
| Ernakulam | Parakkadavu | 21.11 | 21.07 | 99.81 | Critical |
| Ernakulam | Vytila | 9.25 | 5.29 | 57.14 | Critical |
| Palakkad | Kollengode | 76.2 | 24.33 | 31.91 | Critical |
| Palakkad | Thrithala | 28.1 | 21.12 | 75.11 | Critical |
| Palakkad | Palakkad | 102 | 43.3 | 42.4 | Critical |
| Malappuram | Wandoor | 61.34 | 24.58 | 40.07 | Critical |
| Kozhikkode | Balusserry | 22.5 | 27.87 | 123.87 | Critical |
| Kozhikkode | Thunery | 13.8 | 14.33 | 103.8 | Critical |
| Wayanad | Thalasserry | 18.41 | 27.76 | 150.79 | Critical |
| Wayanad | Koothuparambu | 30.73 | 29.71 | 96.68 | Critical |
| Thiruvananthapuram | Parassala | 13.12 | 14.03 | 106.9 | Semi critical |
| Thiruvananthapuram | Nemom | 17.52 | 16.07 | 91.7 | Semi critical |
| Thiruvananthapuram | Kilimanoor | 18.41 | 18.47 | 78.6 | Semi critical |
| Kollam | Anchalummoodu | 7.87 | 7.56 | 96.06 | Semi critical |
| Kollam | Vettikkavala | 27.9 | 24.48 | 87.74 | Semi critical |
| Kollam | Pathanaputram | 42.88 | 12.95 | 30.2 | Semi critical |
| Kollam | Mukhathala | 22.81 | 20.86 | 9.46 | Semi critical |
| Idukki | Devikulam | 29.94 | 8.68 | 28.99 | Semi critical |
| Idukki | Nedumkandam | 18.15 | 15.38 | 84.74 | Semi critical |
| Ernakulam | Alangadu | 21.62 | 15.78 | 72.99 | Semi critical |
| Ernakulam | Koovappady | 107.66 | 26.69 | 24.79 | Semi critical |
| Ernakulam | Mulanthuruthy | 24.02 | 21.08 | 87.76 | Semi critical |
| Ernakulam | Parur | 14.62 | 13.43 | 91.83 | Semi critical |
| Thrissur | Ollurkkara | 62.51 | 24.94 | 39.9 | Semi critical |
| Thrissur | Thalikulam | 21.3 | 17.8 | 83.57 | Semi critical |
| Thrissur | Mathilakam | 24.58 | 19.07 | 77.43 | Semi critical |
| Thrissur | Mala | 40.52 | 36.91 | 91.08 | Semi critical |
| Palakkad | Attappadi | 54 | 5.99 | 11.08 | Semi critical |
| Palakkad | Sreekrishnapuram | 39.9 | 15.14 | 37.96 | Semi critical |
| Malappuram | Nilamboor | 61.94 | 24.75 | 39.96 | Semi critical |
| Malappuram | Kondotty | 30.92 | 19.18 | 62.03 | Semi critical |
| Malappuram | Manjeri | 48.95 | 35.56 | 72.65 | Semi critical |
| Malappuram | Vengara | 22.97 | 20.52 | 89.33 | Semi critical |
| Malappuram | Thanoor | 23.84 | 22.46 | 94.21 | Semi critical |
| Malappuram | Kyuttippuram | 33.6 | 24.57 | 73.13 | Semi critical |
| Malappuram | Andathodu | 22.31 | 17.26 | 77.36 | Semi critical |
| Malappuram | Tirurangadi | 27.05 | 20.076 | 74.22 | Semi critical |
| Kozhikkode | Chelannur | 20.58 | 17.86 | 86.78 | Semi critical |
| Kozhikkode | Sulthanbathery | 98.85 | 25.08 | 25.9 | Semi critical |
| Kasaragod | Manjeswaram | 92 | 65 | 70.65 | Semi critical |
| Kasaragod | Kanhangad | 94.64 | 68.89 | 72.79 | Semi critical |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222 | 30.12.2010 ൽ മറുപടിക്ക് |
|---|---|

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ജയരാജൻ<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. എ.സി.മൊയ്തീൻ<br>ശ്രീ.എ. പ്രദീപ് കുമാർ | ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | എ) | ഉണ്ട്. 1.11.2007 ലെ ജി.ഒ.(പി) നം. 448/ 2007/ആ.കു.വ. ഉത്തരവ് പ്രകാരം സ്ഥാപിതമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 1.4.2008 മുതൽ സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള ആശുപത്രികൾക്കുവേണ്ട അവശ്യ മരുന്നുകൾ, ചികിത്സാ സാമഗ്രികൾ, ബയോ മെഡിക്കൽ ഉപകരണങ്ങൾ, ആധുനിക ജീവൻ രക്ഷാ ആംബുലൻസുകൾ തുടങ്ങിയവ സംഭരിച്ചു വിതരണം ചെയ്തു വരുന്നു. കൂടാതെ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ വിവിധ പദ്ധതികൾക്ക് ആവശ്യമായ മരുന്നു കിറ്റുകൾ, സംസ്ഥാന സാമൂഹ്യ ക്ഷേമ വകുപ്പിലെ അംഗനവാടി പ്രവർ ത്തകർക്കു വേണ്ട മരുന്നു കിറ്റുകൾ, പേവിഷ ബാധ നിയന്ത്രിക്കുന്നതിനുള്ള ഐ.ഡി.ആർ.വി. പദ്ധതിക്കുള്ള വാക്സിനുകളും സിറിഞ്ചുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ആശുപത്രികൾക്ക് മരുന്നു സംഭരണത്തിന് നൽകുന്ന തുകയുള്ള മരുന്നുകൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന് ആവശ്യമായ സാധന സാമഗ്രികൾ |

| | | | |
|---|---|---|---|
| | | | എന്നിവയും കോർപറേഷൻ മുഖേന സംഭരിച്ചു വിതരണം ചെയ്തു വരുന്നു. കോർപറേഷന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ആരോഗ്യ വകുപ്പു സെക്രട്ടറി ചെയർമാനായുള്ള ഡയറക്ടർ ബോർഡ് നിലവിലുണ്ട്. കൂടാതെ സർക്കാർ തലത്തിലും കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| ബി | മരുന്നുകളുടെ ഗുണനില വാരം ഉറപ്പു വരുത്തുന്നതിനും കാലാവധിക്കുള്ളിൽ തന്നെ മരുന്നുകൾ ഉപയോഗിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | ബി | 1945 ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് നിഷ്കർഷിക്കുന്ന മാനുഫാക്ചറിംഗ് പ്രാക്ടീസസ് (ജി.എം.പി) ഉറപ്പു വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്നു മാത്രം ടെൻഡർ ഉറപ്പിച്ചാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുകൾ സംഭരിക്കുന്നത്. കാലാവധിക്കുള്ളിൽ തന്നെ മരുന്നുകൾ ഉപയോഗിക്കുന്നതിനു വേണ്ടി ഫസ്റ്റ് എക്സ്പെയറി ഫസ്റ്റ് ഔട്ട് (FEFO) സമ്പ്രദായ പ്രകാരമാണ് കോർപ്പറേഷൻ വെയർഹൗസുകളിൽ നിന്ന് ആശുപത്രികൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നത്. മരുന്നുകളുടെ എക്സ്പെയറി തിയതിയും വിതരണവും കമ്പ്യൂട്ടർ സംവിധാനത്തിലൂടെ (Drug Distribution Management System) നിരന്തരം നിരീക്ഷിക്കുന്നതിനും കാലാവധിക്കു മുൻപു തന്നെ അവ ആശുപത്രിയിൽ ഉപയോഗിക്കത്തക്ക വിധത്തിൽ വിതരണം ക്രമീകരിക്കുന്നതിനും ഉള്ള സംവിധാനം കോർപറേഷനിൽ നിലവിലുണ്ട്. |
| സി) | മരുന്നുകളും ചികിത്സാ സാമഗ്രികളും വാങ്ങുന്നതിന് കോർപ്പറേഷൻ അനുവർത്തിക്കുന്ന നടപടി ക്രമം വ്യക്തമാക്കുമോ ; | സി) | ആരോഗ്യവകുപ്പ് ഡയറക്ടറുടേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടേയും കീഴിലുള്ള ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടേയും ചികിത്സാ സാമഗ്രികളു |

| | | | |
|---|---|---|---|
| | | | ടേയും വാർഷിക ഇൻഡന്റുകൾ ശേഖരിച്ച് അവ സംഭരിക്കുന്ന തിനുള്ള ടെൻഡറുകൾ ക്ഷണി ച്ചാണ് കോർപ്പറേഷൻ മരുന്നുകൾ സംഭരി ക്കുന്നത്. ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ഡ്രഗ്സ് ആന്റ് കോസ്റ്റ്റിക്ക് ആക്റ്റി ലെയും ചട്ടങ്ങളിലെയും വ്യവ സ്ഥകൾ പ്രകാരം പ്രവർത്തി ക്കുന്നവയും നിയമാനുസൃതമായ ലൈസൻസിന്റെ അടിസ്ഥാനത്തിൽ മൂന്ന് വർഷക്കാലമെങ്കിലും മരുന്ന് നിർമ്മിച്ച് മാർക്കറ്റിൽ വിതരണം ചെയ്യുന്നുവെന്നും ശിക്ഷണ നടപടിക്ക് വിധേയമായിട്ടില്ലെന്നും ടെൻഡറിൽ പറയുന്ന അളവ് മരുന്ന് നിർമ്മിച്ച് നൽകാൻ കഴിവുള്ള താണെന്നും ഡ്രഗ്സ് കൺട്രോളർ സാക്ഷ്യപ്പെടുത്തിയ രേഖകളും മൂന്ന് വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടിന്റേയും ബാലൻസ് ഷീറ്റിന്റേയും യഥാ സമയം ഇൻകം ടാക്സ് റിട്ടേണുകൾ സമർപ്പിച്ചിട്ടുണ്ട് എന്നതിന്റേയും ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെ ടുത്തിയ രേഖകളും ഹാജരാക്കണം. മേൽപ്പറഞ്ഞ യോഗ്യതയുള്ള സ്ഥാപനങ്ങളുടെ ഫാക്ടറികൾ ടെൻഡർ പരിഗണി ക്കുന്നതിന് മുമ്പ് ഡ്രഗ്സ് ആന്റ് കോസ്റ്റ്റിക്ക് ചട്ടങ്ങളിലെ ഷെഡ്യൂൾ എം പ്രകാരമുള്ള നിബന്ധനകൾ പാലിച്ചാണോ മരുന്നുകൾ നിർമ്മി ക്കുന്നതെന്ന് കോർപ്പറേഷൻ ഒരു വിദഗ്ദ്ധ സമിതിയെ കൊണ്ട് പരിശോധിച്ച് ഉറപ്പു വരുത്തുന്നു. കൂടാതെ പ്രസ്തുത സ്ഥാപന ത്തെയോ സ്ഥാപനം നിർമ്മിച്ച മരുന്നുകളേയോ കോർപ്പറേഷനോ മറ്റ് സംസ്ഥാനങ്ങളോ ബ്ലാക്ക് ലിസ്റ്റിങ്ങ് പോലുള്ള ശിക്ഷണ നടപടികൾക്ക് വിധേയ മാക്കിയി ട്ടില്ലെന്നു ഉറപ്പു വരുത്തുന്നു. ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ക്ക് ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് |

| | | | |
|---|---|---|---|
| | | | ചെയ്യുന്ന കരാറുകാരന് ഒരു വർഷത്തേയ്ക്ക് എഗ്രിമെന്റ് വെച്ച് പർച്ചേസ് ഓർഡറുകൾ നൽകുന്നു. കോർപ്പറേഷൻ സംഭരി ക്കുന്ന ഓരോ ബാച്ച് മരുന്നിന്റേയും സാമ്പിളുകൾ സർക്കാർ അംഗീകൃത ലബോററ്ററികളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയാണ് ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത്. പരിശോധനയിൽ ഗുണനിലവാരമില്ലാത്തവയെന്ന് കണ്ടെത്തുന്ന മരുന്നുകൾ നിരസിക്കുകയും പേയ്മെന്റ് നൽകാതിരിക്കുകയും ചെയ്യുന്നു. മരുന്നിന്റെ രണ്ടിലധികം ബാച്ചുകൾ അസ്സേ കണ്ടെന്റ് ടെസ്റ്റിൽ പരാജയപ്പെടുകയോ മൂന്നു പ്രാവശ്യം ക്വാളിറ്റി ടെസ്റ്റിൽ പരാജയപ്പെടുകയോ ചെയ്താൽ ആ മരുന്നിനെ മൂന്ന് വർഷ കാലത്തേയ്ക്ക് കരിമ്പട്ടികയിൽപ്പെടുത്തി ടെൻഡറിൽ പങ്കെടുക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നു. ഒരു സാമ്പത്തിക വർഷത്തിൽ നല്കുന്ന മൂന്ന് പർച്ചേസ് ഓർഡറിൽ പറയുന്ന അളവിന്റെ 50 ശതമാനത്തിൽ താഴെയാണ് മരുന്ന് വിതരണം ചെയ്യുന്നതെങ്കിൽ ആ സ്ഥാപനത്തിന്റെ പ്രസ്തുത മരുന്ന് ഒരു വർഷ കാലത്തേയ്ക്ക് കരിമ്പട്ടികയിൽപ്പെടുത്തുന്നു. |
| ഡി) | കോർപ്പറേഷന്റെ ജില്ലാ മരുന്ന് വെയർഹൗസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുമോ ; | ഡി) | കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ച സമയത്ത് ആരോഗ്യ വകുപ്പിൽ നിന്നും കൈമാറി കിട്ടിയ ജില്ലാ മെഡിക്കൽ സ്റ്റോറുകളാണ് ഇപ്പോൾ കോർപ്പറേഷൻ വെയർഹൗസുകളായി പ്രവർത്തിക്കുന്നത്. അവയുടെ നവീകരണത്തിനും സംഭരണ ശേഷി വർദ്ധിപ്പിക്കു ന്നതിനും ഉള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, ആലപ്പുഴ, കൊല്ലം എന്നി സ്ഥലങ്ങളിൽ |

| | | | |
|---|---|---|---|
| | | | ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ വെയർഹൗസുകൾ സ്ഥാപിക്കു ന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ഇ) | സർക്കാർ ആശുപത്രികളിൽ എത്രകോടി രൂപയുടെ മരുന്നുകളും ചികിത്സാ സാമഗ്രികളും മറ്റ് ഉപകരണങ്ങളും കോർപ്പറേഷനിലൂടെ വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ ? | ഇ) | 2008-09 വർഷത്തിൽ 141.23 കോടി രൂപയും 2009-10 വർഷത്തിൽ 145.43 കോടി രൂപയും ഉള്ള മരുന്നും ചികിത്സാ സാമഗ്രികളും കോർപ്പറേഷൻ സംഭരിക്കുകയുണ്ടായി. 2009-10 വർഷത്തിൽ 51 കോടി രൂപയുടെ ബയോമെഡിക്കൽ ഉപകരണങ്ങളും ആംബുലൻസുകളും ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും വാങ്ങി വിതരണം ചെയ്യുകയുണ്ടായി. 2010-11 ൽ 42 കോടി രൂപ വിലയുള്ള 130 ഇനം ബയോ മെഡിക്കൽ ഉപകരണങ്ങളും സംഭരണത്തിനായി ടെൻഡർ ക്ഷണിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 223. | 30.12.2010 ൽ മറുപടിയ്ക്ക്

**<u>വാഹനങ്ങളുടെ ക്ഷമത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം</u>**

**<u>ചോദ്യം</u>**
ശ്രീ. രാജു എബ്രഹാം
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. സി.കെ.സദാശിവൻ

**<u>ഉത്തരം</u>**
ശ്രീ. ജോസ് തെറ്റയിൽ
ഗതാഗതവകുപ്പ് മന്ത്രി.

| | | | |
|---|---|---|---|
| (എ) | വാഹനങ്ങളുടെ ക്ഷമത പരിശോധിക്കുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള സംവിധാനം എന്താണ് ; | (എ) | നിലവിൽ വാഹന പ്രവർത്തന ക്ഷമത പരിശോധനയ്ക്ക് പ്രത്യേക ഉപകരണമോ മററു സൗകര്യങ്ങളോ വകുപ്പിനില്ല. വാഹനങ്ങൾ ഓടിച്ചും പരിശോധിച്ചും എല്ലാ ഭാഗങ്ങളുടെയും ദൃശ്യ പരിശോധന നടത്തി പ്രവർത്തന ക്ഷമത ഉറപ്പുവരുത്തിയുമാണ് ഇപ്പോൾ ഫിററ്നസ് സർട്ടിഫിക്കററ് നൽകുന്നത്. 10 വർഷം വരെ പഴക്കമുള്ള വാഹനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിനും ഫിററ്നസ് സർട്ടിഫിക്കററ് നൽകുന്നതിനും ഒരു മോട്ടോർ വാഹന ഇൻസ്പെക്ടറും ഒരു അസിസ്റ്റന്റ് മോട്ടോർ വാഹന ഇൻസ്പെക്ടറും അടങ്ങിയ ടീമിനേയും പത്ത് വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ പരിശോധിക്കുന്നതിനും ഫിററ്നസ് സർട്ടിഫിക്കററ് നൽകുന്നതിനും ഒരു ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും ഒരു മോട്ടോർ വാഹന ഇൻസ്പെക്ടറും അടങ്ങിയ ടീമിനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | വാഹന പരിശോധനയുടെ നിലവാരം ഉയർത്തുന്നതിനും പരിശോധനയ്ക്ക് ഏകീകൃത രീതിയുണ്ടാക്കുന്നതിനും കമ്പ്യൂട്ടർ നിയന്ത്രിത വാഹന പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ വർഷം എത്ര ആധുനിക വാഹന പരിശോധനാ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ? | (സി) | രണ്ട് ലൈററ് മോട്ടോർ വാഹന പരിശോധനാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ചേവായൂരിലും കണ്ണൂരിലെ ഇളവായൂർ വില്ലേജിലും ആണ് അവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 224 — 30.12.2010 ൽ മറുപടിക്ക്

## ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. എ.എ. ഷുക്കൂർ | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്തെ ശുദ്ധജല വിതര ണത്തിനായി നടപ്പിലാക്കുന്ന ഏതൊക്കെ വൻകിട പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനുള്ള തെന്ന് വിശദമാക്കുമോ; | എ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 174 വൻകിട ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്.<br><br>ജൈക്ക സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിൽ ഉൾപ്പെട്ട അഞ്ച് ശുദ്ധജല വിതരണ പദ്ധതികളും UIDSSMT പ്രകാരമുള്ള 13 പദ്ധതികളും 2 ജൻറം പദ്ധതികളും ഇവയിൽ ഉറ്റപ്പെടുന്നു. പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരം അനുബന്ധം ഒന്നിലും അവയുടെ പേര് വിവരം അനുബന്ധം രണ്ടിലും കൊടുത്തിരിക്കുന്നു. |
| ബി തലസ്ഥാന നഗരിയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | ബി തലസ്ഥാന നഗരിയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗിക കമ്മീഷനിംഗ് 18.5.2010 ൽ നടത്തി. അന്നു മുതൽ പ്രതിദിനം 37 ദശലക്ഷം ലിററർ ശുദ്ധജലം അധികമായി തിരുവനന്തപുരം നഗരത്തിലും പ്രാന്ത പ്രദേശങ്ങളിലുമായി വിതരണം ചെയ്തു വരുന്നു. പദ്ധതിയുടെ ഭാഗമായ 74 ദശലക്ഷം ലിററർ പ്രതിദിന ശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം ഇപ്പോൾ 95% പൂർത്തിയാക്കിയിട്ടുണ്ട്. 42 കി.മി. ദൈർഘ്യമുള്ള ട്രാൻസ്മിഷൻ മെയിനിൻെറ നിർമ്മാണം മിക്കവാറും പൂർത്തിയായി |

കഴിഞ്ഞു. പുതുതായി 257 കി.മി. പൈപ്പ് ലൈനുകളും വിതരണ ശൃംഖലയിൽ സ്ഥാപിച്ചു. 11 പുതിയ ശുദ്ധജല സംഭരണികൾ വിവിധ സ്ഥലങ്ങളിലായി സ്ഥാപിക്കുന്നുണ്ട്. ഇവയിൽ 2 സംഭരണികൾ (നെട്ടയം, തിരുവല്ലം നെല്ലിയോട്) പൂർത്തിയായി. ഏഴു സംഭരണികളുടെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ബാക്കി 2 സംഭരണികളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.

സി ഇനിയും ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രധാനമായും ഇതിനു വേണ്ടിയുള്ള പൈപ്പുകൾ സ്ഥാപിക്കാനുള്ളത്

സി

ഇനിയും പൈപ്പുകൾ സ്ഥാപിക്കാനുള്ള സ്ഥലങ്ങൾ താഴെ പറയുന്നവയാണ്.

1. തേക്കുമൂട് പൊട്ടക്കുഴി മുറിഞ്ഞപാലം വെൺപാലവട്ടം ഗ്യാപ്പുകൾ
2. ഒബ്സർവേററി – പഞ്ചാപുര – പാളയം–യൂണിവേഴ്സിററി–ചാക്ക 6 കി.മി
3. വെള്ളയമ്പലം – വഴുതക്കാട് – മേട്ടുക്കട – തൈക്കാട് – 2.5 കി.മീ.
4. ശ്രീകാര്യം ചാവടിമുക്ക്
5. ആററുകാൽ ചിറമുക്ക്
6. കൊഞ്ചിറവിള ക്ഷേത്രം – ഓക്സ്ഫോർഡ് – കോവളം റോഡ്
7. പവർഹൗസ് – മേലെ പഴവങ്ങാടി തകരപ്പറമ്പ് – അഴീക്കോട്
8. പൊയ്യാനി – കല്ലുംമൂട്
9. വട്ടിയൂർക്കാവ് – കാഞ്ഞിരംപാറ
10. പേരൂർക്കട ജംഗ്ഷൻ– മ്യൂസിയം കിഴക്കുഗേററ് – എൽ.എം.എസ് –പി.എം.ജി –പട്ടം –കുമാരപുരം, വേൾഡ് മാർക്കററ് കിംസ് – പോങ്ങുംമൂട് മുതലായ 65 ഗ്യാപ്പുകൾ /ജംഗ്ഷൻ ക്രോസിംഗുകൾ

ഡി. ഈ പദ്ധതി നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

ഡി.

താഴെപ്പറയുന്ന പ്രധാന കാരണങ്ങളാൽ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ സാധിക്കാതെ വന്നു.

1. ജല വിതരണക്കുഴലുകൾ സ്ഥാപിക്കേണ്ട റോഡുകളിൽ പി.ഡബ്ല്യൂ.ഡി., എൻ.എച്ച്, കെ.ആർ.എഫ്.ബി. എന്നീ ഏജൻസികളിൽ നിന്ന് അനുമതി ലഭ്യമാക്കേണ്ടിയിരുന്നു. വിവിധ കാരണങ്ങളാൽ

ഇതിന് കാലതാമസം നേരിട്ടു.
2. റെയിൽവേ ക്രോസിംഗ് അനുമതി കിട്ടുന്നതിന് ഏറെ സമയം വേണ്ടി വന്നു.
3. നഗരത്തിലെ റോഡുകളിലെ വിവിധ കേബിളുകളുടെയും പൈപ്പു കളുടെയുംസാന്നിദ്ധ്യം പദ്ധതി നട ത്തിപ്പ് വൈകിപ്പിച്ചു
4.സർവ്വീസ്, റിസർവോയറു കൾ പണിയുന്നതിനുള്ള സ്ഥലം. ചില സംഭരണികൾക്ക് വൈകി മാത്രമാണ് ലഭിച്ചത്. സ്ഥലം ലഭ്യമായിരുന്നയിടങ്ങളിൽ വിവിധ തരത്തിലുള്ള കെട്ടിടങ്ങൾ, ഇലക്ട്രിക് ലൈനുകൾ സാധന സാമഗ്രികൾ തുടങ്ങിയവ മാറേണ്ടിയും വന്നു.
5. ട്രാൻസ്മിഷൻ മെയിൻ കടന്നു പോകുന്ന പി.ററി.പി. നഗർ പ്രദേശത്ത് വളരെയധികം നീള ത്തിൽ പാറ പൊട്ടിക്കേണ്ടി വന്നതും ആളുകൾ തിങ്ങി പ്പാർക്കുന്ന സ്ഥലമായതിനാൽ മന്ദഗതിയിലേ പാറപൊട്ടിക്കൽ സാദ്ധ്യമായിരു ന്നുള്ളൂ എന്നതും കാലതാമസത്തി നിടയാക്കി.
6. അരുവിക്കരയിൽ നിന്നുള്ള ട്രാൻസ്മിഷൻ ലൈൻ റൂട്ടിൽ നാട്ടു കാർഉന്നയിച്ചതടസ്സവാദങ്ങൾ പരി ഹരിക്കുന്നുതിന് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യ ത്തിൽ ചർച്ചകൾ വേണ്ടി വരികയും തീരുമാനങ്ങൾക്ക് ഏറെ സമയമെടു ക്കുകയും ചെയ്തു.
7. ബേക്കറി മുതൽ തമ്പാനൂർ ആർ.എം.എസ്.വരെയുള്ള ഭാഗത്ത് പൈപ്പിടുന്നതിന് ധാരാളം ട്രാഫിക് പ്രശ്നങ്ങൾ അതിജീവിക്കേണ്ടതുണ്ട്. ഫ്ളൈഓവർ നിർമ്മാണം, ഫീലിം ഫെസ്റ്റിവൽ തുടങ്ങി വിവിധ കാരണങ്ങളാൽ ഇടയ്ക്കിടെ മാത്രമേ ഇവിടെ പൈപ്പിടാൻ അനുവാദം ലഭിക്കുന്നുള്ളൂ. കെ.എസ്.ആർ.ററി. സി.യുടെ പുതിയ നിർമ്മാണ പ്രവർത്തനങ്ങളും അതു മൂലമുള്ള ട്രാഫിക്ക് ക്രമീകരണങ്ങളും പൈപ്പി ടുന്നതിനുള്ള അനുമതിയെ ബാധി ക്കുന്നുണ്ട്.
8. സാധാരണയിൽ കവിഞ്ഞതും ഇടവിട്ടുള്ളതുമായ മഴ നിർമ്മാണ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടായിരുന്നു.

| | | |
|---|---|---|
| ഇ | നിശ്ചിതസമയത്തിനുള്ളിൽ പൂർത്തിയാക്കാത്തതുകൊണ്ട് ഈ പദ്ധതിക്കായി എസ്റ്റിമേറ്റ് തുകയിൽ നിന്ന് എന്ത് തുക അധിക ചെലവ് നേരിടേണ്ടി വരുമെന്ന് അറിയിക്കുമോ ? | ഇ ജൈക്ക പദ്ധതികളിൽ ആദ്യത്തെ 12 മാസം കഴിയുമ്പോൾ പ്രൈസ് അഡ്ജസ്റ്റ്മെൻറിന് വ്യവസ്ഥയുണ്ട്. അടങ്കൽ തുകയുടെ 10% മുതൽ 20 % വരെ പ്രൈസ് എസ്കലേഷൻ നൽകേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

[signature]

സെക്ഷൻ ഓഫീസർ

[illegible]

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.225 | 30.12.2010 -ൽ മറുപടിയ്ക്ക് |
|---|---|

**വികലാംഗരുടെ ക്ഷേമത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എം. മോനായി:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. പി. ജയരാജൻ:<br>ശ്രീമതി. കെ.കെ. ലതിക: | | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) | |
| എ | വികലാംഗർക്കായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | എ | വികലാംഗർക്കായി വികലാംഗ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വികലാംഗർക്കായി ജില്ലകൾതോറും മെഡിക്കൽ ക്യാമ്പ് നടത്തി സഹായോപകരണങ്ങൾ സൗജന്യമായി വിതരണം നടത്തുന്നു.<br>2. സ്വയംതൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി).<br>3. മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാങ്ങിയ വികലാംഗർക്ക് സബ്സിഡി.<br>4. വികലാംഗരുടെ സ്വയം സഹായ സംഘങ്ങൾക്ക് സാമ്പത്തിക സഹായം.<br>5. പി.എസ്.സി/യു.പി.എസ്.സി മറ്റ് ബോർഡുകൾ എന്നിവ നടത്തുന്ന മത്സര പരീക്ഷകൾ എഴുതുന്നതിന് സൗജന്യ പരിശീലനം.<br>6. വൈകല്യമുള്ള ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തിക സഹായം.<br>7. സൗജന്യമായി ചായ-കോഫി വെൻഡിംഗ് മെഷീനുകൾ നൽകൽ.<br>8. പരീക്ഷകളിൽ ഉന്നത വിജയം കൈവരിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾ, അസാധാരണ കഴിവുള്ള വികലാംഗരായ കുട്ടികൾ, പ്രശസ്ത സേവനമനുഷ്ഠിക്കുന്ന ഗവ: ഇതര സംഘടന, അദ്ധ്യാപകൻ/അദ്ധ്യാപിക എന്നിവർക്ക് ക്യാഷ് അവാർഡ്.<br>9. സ്വയംതൊഴിൽ ചെയ്യുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ.<br>10. 5 വയസ്സ് വരെ പ്രായമുള്ള വികലാംഗരായ കുട്ടികളുടെ പേർക്ക് 10,000/- രൂപ സ്ഥിര നിക്ഷേപം.<br>11.വികലാംഗരായ വയോജനങ്ങൾക്കു വേണ്ടി പാറശ്ശാലയിൽ വൃദ്ധ സദനം<br><br>12. വികലാംഗരായ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായുള്ള തൊഴിൽ പരിശീലനം. |

| | | | |
|---|---|---|---|
| ബി | വികലാംഗർക്ക് സഹായോപകരണങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി പ്രകാരം കഴിഞ്ഞ വർഷം നടത്തിയ പ്രവർത്തനം വിശദമാക്കുമോ; | ബി | വികലാംഗ ക്ഷേമ കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം വികലാംഗർക്ക് 30.52 ലക്ഷം രൂപയുടെ സഹായോപകരണങ്ങളാണ് വിതരണം നടത്തിയിട്ടുള്ളത്. ഇത് കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ നിന്ന് നേരിട്ടും കോർപ്പറേഷൻെറ കീഴിൽ പ്രവർത്തിക്കുന്ന പാറ്റൂരിലുള്ള എം.ആർ.എസ്.റ്റി. സെന്റർ വഴിയും മെഡിക്കൽ ക്യാമ്പുകൾ നടത്തിയുമാണ് വിതരണം നടത്തിയിട്ടുള്ളത്. വീൽചെയർ ട്രൈസൈക്കിൾ, ശ്രവണ സഹായി, കാലിപ്പർ, ലിംബ്, ക്രച്ചസ് തുടങ്ങിയ ഉപകരണങ്ങളാണ് പ്രധാനമായും വിതരണം നടത്തിയിട്ടുള്ളത്. |
| സി | വികലാംഗരെ മത്സര പരീക്ഷകളിൽ സജ്ജരാക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിക്കുമോ; | സി | വികലാംഗരെ മത്സര പരീക്ഷകളിൽ സജ്ജരാക്കുന്നതിനായുള്ള പദ്ധതി കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. |
| ഡി | വികലാംഗരായ വയോജനങ്ങൾക്കായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി | വികലാംഗരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് ഒരു വൃദ്ധ സദനം തിരുവനന്തപുരം ജില്ലാപഞ്ചായത്തുമായി ചേർന്ന് പാറശ്ശാലയിൽ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 226 — 30.12.2010-ൽ മറുപടിക്ക്

## സ്പാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ. ബാബു<br>ശ്രീ. കെ.സി. ജോസഫ് | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ശുദ്ധജല വിതരണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സ്പാൻ പദ്ധതിയിൻ കീഴിൽ ഇതു വരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനായി ; | (എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സ്പാൻ പദ്ധതിയിൽ 36 കുടിവെള്ള വിതരണ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 5 പദ്ധതികൾ പൂർണ്ണമായും ഒരു പദ്ധതി ഭാഗികമായും കമ്മീഷൻ ചെയ്തു.<br>12 പദ്ധതികൾ കൂടി ഈ സാമ്പത്തിക വർഷവും ശേഷിക്കുന്ന 18 പദ്ധതികൾ അടുത്ത സാമ്പത്തിക വർഷവും പൂർത്തിയാക്കാൻ കഴിയത്തക്ക രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) ഇതിനായി ഈ വർഷം എന്തു തുക സഹായധനം ലഭ്യമാക്കുമെന്നാണ് കരുതുന്നത്; | (ബി) നടപ്പു സാമ്പത്തിക വർഷം 35.61 കോടി രൂപ ലഭിക്കുകയും ചിലവഴിച്ച 27.5 കോടി രൂപയുടെ ക്ലെയിം നബാർഡിൽ സമർപ്പിച്ചിട്ടുമുണ്ട്. തുടർന്നുള്ള മാസങ്ങളിൽ ചിലവാകുന്ന തുക കൂടി പരിഗണിക്കുമ്പോൾ ഈ സാമ്പത്തിക വർഷം മൊത്തം 120 കോടി രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) ഈ പദ്ധതി എന്ന് പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | (സി) പദ്ധതി 2011 മാർച്ചോടു കൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും കോൺട്രാക്ടർമാർ ഉയർന്ന തുക ക്വാട്ടു ചെയ്തതിനാൽ പദ്ധതി |

ഘടകങ്ങളുടെ ടെണ്ടറുകൾ ഉറപ്പിക്കുന്നതിൽ വന്ന കാലതാമസവും പി.ഡബ്ള്യു.ഡി /കെ.എസ്.റ്റി.പി/ ഹൈവേ അതോറിറ്റികളിൽ നിന്നും റോഡ് കട്ടിംഗിന് അനുമതി ലഭിക്കുന്നതിനു വന്ന കാലതാമസവും ഈ വർഷത്തെ അമിത മഴയും കാരണം പദ്ധതി പൂർത്തീകരണം വൈകിയതിനാൽ 18 പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം മാത്രമേ പൂർത്തിയാക്കാൻ കഴിയുക-യുള്ളു എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഈ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഇതു വരെ എന്തൊക്കെ പ്രവർത്തന-ങ്ങളാണ് നടത്തിയത് എന്ന് വിശദീക-രിക്കുമോ ;

(ഡി) സ്പാൻ പദ്ധതികളിൽ ഉൾപ്പെടുത്തിയ 36 പദ്ധതികളുടെ വിവിധ ഘടകങ്ങൾ 99 പാക്കേജുകളായാണ് ടെണ്ടർ ചെയ്തത്. അവയിൽ 81 ടെണ്ടറുകൾക്ക് അനുമതി നൽകി വിവിധ ഘട്ടങ്ങളിലായി പണികൾ പുരോഗമിച്ചു വരുന്നു. 15 പാക്കേജുകളുടെ റീ ടെണ്ടർ പരിശോധനയിലും 3 പാക്കേജുകൾ റീടെണ്ടർ ചെയ്യേണ്ടതായിട്ടും ഉണ്ട്.

പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനായി ഫാസ്റ്റ്ട്രാക്ക് സംവിധാനം ഏർപ്പെടുത്തുകയും ടെണ്ടർ നടപടികൾ വേഗത്തിലും സുതാര്യമായും പൂർത്തിയാക്കുന്നതിനായി വാട്ടർ അതോറിറ്റി മേഖലാതലത്തിലും ഹെഡ് ഓഫീസ് തലത്തിലും പ്രത്യേക ടെക്നിക്കൽ കമ്മിറ്റികളും, സർക്കാർ തലത്തിൽ എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. 1.5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന ടെണ്ടറുകൾക്ക് ഇ-ടെണ്ടറിംഗ് സംവിധാനം ഏർപ്പെടുത്തി.

(ഇ) ഈ പദ്ധതിക്കു പുറമെ കുടിവെള്ള പദ്ധതികൾക്ക് ഉത്തേജക പാക്കേജിന്റെ ഭാഗമായി ഈ വർഷം മറ്റെന്തൊക്കെ പ്രോജക്ടുകൾക്കാണ് അനുമതി നൽ-കിയിട്ടുള്ളത്;

(ഇ) & (എഫ്) നടപ്പു സാമ്പത്തിക വർഷം 5 പദ്ധതികൾ സാർക്കിൽ (Special Assistance Against Recession in Kerala) ഉൾപ്പെടുത്തിയിരുന്നു. ഇവയിൽ മൂന്നിയൂർ- തേഞ്ഞിപ്പാലം- ചേലാമ്പ്ര-പെരുവള്ളൂർ പഞ്ചായത്തുകൾ-

ക്കുളള കുടിവെളള പദ്ധതി മെച്ചപ്പെടുത്തൽ, വെണ്ണിയൂർ സോണിലെ ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ഭരണാനുമതി നൽകുകയും മറ്റു മൂന്നു പദ്ധതകളായ എ.ആർ.ഡബ്ള്യു.എസ്.എസ്. മണലൂർ-കാരമുക്ക് ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ, ബേലൂരിനും സമീപ വില്ലേജുകൾക്കുമുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, കൊണ്ടോട്ടി-നെടിയിരുപ്പ് ശുദ്ധജലവിതരണ പദ്ധതി മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്.

(എഫ്) ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ പദ്ധതി നടത്തിപ്പിനായി ഈ വർഷം എന്തു തുക ചിലവഴിക്കും ?

(ജി) ഭരണാനുമതി നൽകിയ രണ്ടു പദ്ധതികൾ പ്രാരംഭ ഘട്ടത്തിലും മറ്റ് മൂന്നു പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യംപരിഗണനയിലുമായ-
തിനാൽ എത്ര രൂപ ചെലവഴിക്കാൻ കഴിയുമെന്ന് ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയുകയില്ല. നടപ്പു സാമ്പത്തിക വർഷം പദ്ധതികൾക്കായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 227* — 30.12.2010 ൽ മറുപടിക്ക്

## പ്രധാന റോഡുകൾ കോൺക്രീറ്റു ചെയ്യുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ :<br>ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. കെ. ടി. ജലീൽ :<br>ശ്രീ. ജോർജ്ജ് എം. തോമസ് : | എം. വിജയകുമാർ<br>(നിയമവും മരാമത്തും<br>പാർലമെന്ററികാര്യവും<br>സ്പോർട്ട്സും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്താമോ ;<br><br>(ബി കോൺക്രീറ്റ് റോഡുകളുടെ ഗുണനിലവാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;<br><br>(സി) മഴക്കാലത്തും കുറ്റമറ്റ രീതിയിൽ റോഡുപണി പൂർത്തിയാക്കാൻ കഴിയുന്ന മാർഗ്ഗം തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ), (ബി) & (സി)<br>സംസ്ഥാനത്തെ പ്രധാന റോഡുകൾ കാലാവസ്ഥാ വ്യതിയാനം മൂലം തകരാറിലാകാതിരിക്കുന്നതിനും മഴക്കാലത്തും കുറ്റമറ്റ രീതിയിൽ റോഡുപണി നടത്തുന്നതിനും വേണ്ടി പഠനം നടത്തുന്നതിനു ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇന്ത്യൻ റോഡ് കോൺഗ്രസ്, ബോർഡർ റോഡ് ഓർഗനൈസേഷൻ എന്നിവയുടെ പ്രതിനിധികൾ കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും. |
| (ഡി) റോഡുകളുടെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് ക്രൈസിസ് മാനേജ്മെന്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (ഡി) മഴക്കെടുതിമൂലം റോഡുകൾക്ക് വേണ്ടിവന്ന അടിയന്തിര അറ്റകുറ്റപ്പണികൾ മരാമത്ത് മന്ത്രി ചെയർമാനായി വിവിധ മന്ത്രിമാരും ഉദ്യോഗസ്ഥരും അടങ്ങിയ സംസ്ഥാനതല ക്രൈസിസ് മാനേജ്മെന്റ് സമിതിയും വിവിധ മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാതല സമിതിയും നിരീക്ഷിക്കുന്നുണ്ട്. |
| (ഇ) കാലവർഷക്കാലത്ത് തകർന്ന റോഡുകൾ നന്നാക്കുന്നതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ? | (ഇ) കാലവർഷക്കാലത്ത് 12.10.2010 വരെ 133.42 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. കാലവർഷക്കെടുതി വിലയിരുത്താനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നേതൃത്വത്തിലുള്ള ഇന്റർമിനിസ്റ്റീരിയൽ സമിതി സന്ദർശനത്തിനെത്തുമ്പോൾ ഇക്കാര്യം ധരിപ്പിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| | | |
|---|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228 | | 30.12.2010ൽ മറുപടിയ്ക്ക് |
| **വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ.കെ. കുഞ്ഞിരാമൻ<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ,<br>ശ്രീമതി. കെ.എസ്. സലീഖ | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി)** |
| (എ) | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്:<br>1. തിരുവനന്തപുരത്ത് ഉന്നത നിലവാരത്തിൽ സജ്ജീകരിച്ചിട്ടുള്ള REACH (Resource Enhancement Acadamy for Career Heights) എന്ന സ്ഥാപനത്തിൽ കംപ്യൂട്ടർ ലാബ്, ലാംഗ്വേജ് ലാബ് തുടങ്ങിയ ഏറ്റവും പുതിയ സാങ്കേതിക സൗകര്യങ്ങളാണുള്ളത്. പ്രസ്തുത സ്ഥാപനത്തിൽ താഴെപ്പറയുന്ന കോഴ്സുകൾ നടപ്പിലാക്കി വരുന്നു.<br>എ) പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം ഫോർ നഴ്സിംഗ് സ്റ്റുഡൻസ്<br>ബി) ട്രെയിനിംഗ് ഇൻ ഐ.ടി എനേബിൾഡ് എഡ്യൂക്കേഷൻ ഫോർ ബി.എഡ് സ്റ്റുഡൻസ്<br>സി) ട്രെയിനിംഗ് ഫോർ സെയിൽസ് ഗേൾസ്<br>ഡി) ട്രെയിനിംഗ് ഫോർ ഓഫീസ് അസിസ്റ്റന്റ്സ് |

| | | |
|---|---|---|
| | | 2. ഫിനിഷിംഗ് സ്കൂൾ പദ്ധതിയിൻ കീഴിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു:<br>എ) കമ്മ്യൂണിറ്റി ബാംബൂ മാറ്റ് മേക്കിംഗ് സെന്റർ<br>ബി) വനിതാ ഐ.റ്റി.ഐകളിൽ ഫിനിഷിംഗ് സ്കൂൾ<br>സി) ഹാൻഡ്‌ലൂം വീവിംഗ് ആന്റ് ഡിസൈനിംഗ്<br>ഡി) ട്രെയിനിംഗ് ഇൻ ലൈറ്റ് ആന്റ് ഹെവി വെഹിക്കിൾ ഡ്രൈവിംഗ്<br>ഇ) ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക് ഗുഡ്സ് ആന്റ് മൊബൈൽ ഫോൺ റിപ്പയറിംഗ്<br>എഫ്) മൾട്ടിപ്പിൾ സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം<br>ജി) പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>എച്ച്) ഗോൾഡ് ക്രാഫ്റ്റ് ആന്റ് ജുവലറി ഡിസൈനിംഗ്<br>ഐ) ഹോട്ടൽ മാനേജ്മെന്റ്, റെസ്റ്റോറന്റ് ആന്റ് കൗണ്ടർ സർവ്വീസ്.<br>3. ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനെസ്സ് എന്ന പദ്ധതി പ്രകാരം ജെൻഡർ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വീഡിയോ പ്രോഗ്രാമുകൾ, ഡോക്യുമെന്ററികൾ എന്നിവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം സ്വയംതൊഴിൽ മുഖേനയുണ്ടാകുന്ന വനിതാശാക്തീകരണവും, വനിതാ സംരംഭകരുടെ വിജയഗാഥ എന്നിവയെ ആസ്പദമാക്കിയ ഡോക്യുമെന്ററി ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു.<br>4. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും 'ഹാബിറ്റാറ്റ്' എന്ന സ്ഥാപനവും സംയുക്തമായി സംസ്ഥാനത്തെ വിവിധ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ വനിതകൾക്ക് കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂമുകൾ നിർമ്മിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | 5. വനിതകൾക്ക് വിവിധ തരത്തിലുള്ള ജെൻഡർ ബോധവത്ക്കരണ പരിപാടികളും സെമിനാറുകളും നടത്തിവരുന്നു.<br>6. നൂറ് ശതമാനം തൊഴിലുറപ്പു നൽകുന്ന, എൻ.ഐ.ഐ.റ്റി കളിലെ ബാങ്കിംഗ് കോഴ്സുകളിൽ ചേരാൻ നൽകുന്ന പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>കൂടാതെ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>1. ജെൻഡർ പ്രശ്നങ്ങൾ സംബന്ധിച്ച വിഷയങ്ങൾ ആശയവിനിമയം ചെയ്യുന്നതിനും ചർച്ച ചെയ്യുന്നതിനുമായി VGRC (Virtual Gender Resource Centre) എന്ന പേരിൽ ഒരു ഓൺ ലൈൻ വെബ് പോർട്ടൽ.<br>2. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റേഷനിലും ഒരു 24 x 7 വിമൻ ഇൻഫർമേഷൻ സെന്റർ<br>3. എൻ.ഐ.ഐ.റ്റി മുഖാന്തിരം 100 % തൊഴിലുറപ്പ് നൽകുന്ന സൗജന്യ പരിശീലന പരിപാടി<br>4. ഗുണഭോക്താക്കൾക്ക് ബാങ്ക് മുഖേനയുള്ള വായ്പാ തിരിച്ചടവ്<br>5. കോർപ്പറേഷൻ കംപ്യൂട്ടർവത്ക്കരണം |
| (ബി) | കോർപ്പറേഷൻ നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതിപ്രകാരം കഴിഞ്ഞ വർഷം എത്ര ലക്ഷം രൂപ വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ; | ബി) കോർപ്പറേഷൻ നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതിപ്രകാരം കഴിഞ്ഞ വർഷം 1030.57 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | ഈ വർഷം ഇതിനായി എത്ര ലക്ഷം രൂപ വിവിധ ദേശീയ കോർപ്പറേഷനുകളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്; | സി) ഈ വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 653 ലക്ഷം രൂപ വിവിധ ദേശീയ കോർപ്പറേഷനുകളിൽ നിന്നും ലഭ്യമായിട്ടുണ്ട്. |
| (ഡി) | വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | ഡി) വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പാ പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം തന്നെ പ്രസ്തുത സംരംഭകരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന മേളകളും സംഘടിപ്പിക്കുന്നുണ്ട്. |
| (ഇ) | വനിതകൾക്കായി ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഇ) വനിതാ വികസന കോർപ്പറേഷൻ വനിതകൾക്കായി തിരുവനന്തപുരത്ത് ഉന്നത നിലവാരത്തിലുള്ള ഒരു ഫിനിഷിംഗ് സ്കൂൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്തുള്ള ഫിനിഷിംഗ് സ്കൂളിന്റെ മാതൃകയിൽ കണ്ണൂരിലെ പിലാത്തറയിൽ ഒരു ഫിനിഷിംഗ് സ്കൂൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

/

പന്ത്രണ്ടാംകേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.229 30.12.2010 — ൽ മറുപടിക്ക്

## ദേശീയപാതകളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.എൻ. അനിരുദ്ധൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.എം. കെ.ചന്ദ്രൻ | ശ്രീ. എം.വിജയകുമാർ<br>(ബഹു. നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം ദേശീയ പാതകളുടെ വികസനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്; | (എ) ദേശീയപാത 17, 47 എന്നിവ 6/4 വരിപ്പാതകളാക്കി വികസിപ്പിക്കുവാനും ദേശീയപാത 49, 208, 212, 213, 220 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടി രണ്ട് വരിപാതയാക്കി വികസിപ്പിക്കുവാനുമാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ബി) ഈ ഓരോ പാതയുടേയും വികസനത്തിന് സ്ഥലം ആവശ്യമായി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോന്നിനും എത്ര മീറ്റർ വീതിക്ക് സ്ഥലം എടുത്തു നൽകാമെന്നാണ് ഏറ്റിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ദേശീയപാത 17, 47 എന്നിവ 45 മീറ്റർ വീതിയിൽ 6/4 വരിപാതയാക്കിയാണ് വികസിപ്പിക്കുന്നത്.<br>ദേശീയപാത 47 —ലെ വടക്കാഞ്ചേരി മുതൽ തൃശ്ശൂർ വരെ 60 മീറ്റർ വീതിയിൽ 6 വരിപ്പാതയായാണ് വികസിപ്പിക്കുന്നത്. ദേശീയപാത 49, 208, 212, 213, 220 എന്നിവയുടെ സാധ്യതാപഠന റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | സ്ഥലം ഏറ്റെടുക്കേണ്ടയിടങ്ങളിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്; ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനുവേണ്ടി സ്ഥലമെടുക്കുന്നതു കാരണം ബുദ്ധി മുട്ടനുഭവിക്കേണ്ടി വരുന്ന എല്ലാവിഭാഗം ജനങ്ങൾക്കും ഒരുപോലെ സമാശ്വാസം നൽകുന്ന തരത്തിലുള്ള സമഗ്രമായൊരു പുനരധിവാസ പാക്കേജ് സർക്കാർ ആവിഷ്ക്കരി ച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിനു സ്വീകാര്യമായ രീതിയിൽ ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നതിന് ഒരു സർവ്വ കക്ഷിയോഗം ഉടനെ ചേരുന്ന താണ്. |
| (ഡി) | ഈ ദേശീയ പാതകളുടെ വികസനം എത്രകാലംകൊണ്ട് പൂർത്തിയാകുമെന്നാണു കരുതുന്ന തെന്ന് വ്യക്ത മാക്കുമോ? | (ഡി) | പ്രവൃത്തികൾ അവാർഡ് ചെയ്യുമ്പോൾ മാത്രമെ കാലാവധി തീരുമാനിക്കു വാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ .230

30.12.2010.ൽ മറുപടിയ്ക്ക്

## മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. എം ചന്ദ്രൻ<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ബഹു.ജല വിഭവ വകുപ്പ് മന്ത്രി) |
| എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിന് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പിന് അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികൾ ചുവടെ വിശദീകരിക്കുന്നു.<br><br>1) മലബാർ പ്രദേശത്തെ ഏഴ് ജില്ലകൾ, എറണാകുളം, തെക്കൻ കേരളത്തിലെ ആറ് ജില്ലകൾ എന്നിവിടങ്ങളിലെ മൊത്തം 418 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പുനരുദ്ധികരിക്കുന്നതിന് 104.04 കോടി രൂപ.<br><br>2) മലബാർ പ്രദേശത്തെ ഏഴ് ജില്ലകളിലെ, റെഗുലേറ്റർ, ചെക്ക് ഡാം, വി.സി.ബി.എന്നിവ പുനരുദ്ധീകരിക്കുന്നതിന് 209 പദ്ധതികൾക്കായി 127.33 കോടി രൂപ.<br><br>3)കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചനപദ്ധതിയുടെ കനാലുകളും മറ്റും പുനരുദ്ധീകരിച്ച് പ്രവർത്തന യോഗ്യമാക്കുന്നതിന് രൂപീകരിച്ച 50കോടി രൂപയുടെ പദ്ധതിയുടെ ആദ്യ വർഷ ഗഡുവായ 124 പ്രവർത്തികൾക്ക് ആവശ്യമായ 20 |

കോടി രൂപ .

4) കരിയാർ പുഴയ്ക്ക് കുറുകെ ഒരു ആർ.സി.ബി, പുറപ്പള്ളിക്കടവിൽ ഒരു ആർ.സി.ബി, ചിറ്റുമല ചിറ പദ്ധതി, കളരിമകൾക്കടവിൽ ഒരു ചെക്ക്ഡാം എന്നീ നാല് പദ്ധതികൾക്കായി 85.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്

5) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ആലപ്പുഴ ചങ്ങനാശ്ശേരി കനാലിന്റെ നിർമ്മാണത്തിനായി 104 കോടി രൂപയുടെയും സി..ഡി, റാണി ചിത്തിര ബ്ലോക്കുകളുടെയും നിർമ്മാണത്തിനായി 46.80 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയർ പ്രോജക്ട്-2ന്റെ കീഴിൽ 2009-2010-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജിന്റെ (മലബാർ ഇറിഗേഷൻ പാക്കേജ്) കീഴിൽ ഇതുവരെ 41 പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. (ഭരണാനുമതിയുടെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) ഇതിൽ പ്രധാനമായും തൃശ്ശൂർ കോൾനിലങ്ങളിൽ സുഗമമായി കൃഷി നടത്തുന്നതിലേക്ക് ആവശ്യമായ ജലസേചനത്തിനായി ചീരകുഴി, വടക്കാഞ്ചേരി, വാഴാനി തുടങ്ങിയ പദ്ധതികളുടെ പുനരുദ്ധാരണ പണികളും പ്രസ്തുത പദ്ധതികളുടെ കീഴിലുള്ള ചിറകളുടെ പുനരുദ്ധാരണ പണികളുമാണ് ഉൾപ്പെടുത്തി യിട്ടുള്ളത്.

| | |
|---|---|
| ബി) എത്ര കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ ആകെ 487.19 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

ചീഫ് എഞ്ചിനീയർ പ്രോജക്ട്-2ന്റെ കീഴിൽ ഈ പദ്ധതി പ്രകാരം (മാന്ദ്യ വിരുദ്ധ) 3948.35 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

സി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

സി) അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഡി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

ഡി) കുറ്റ്യാടി ജലസേചന പദ്ധതിയുടെ നവീകരണത്തിനും വികസനത്തിനുമായി താഴെ പറയുന്ന പദ്ധതികളാണ് പ്രധാനമായും വിഭാവനം ചെയ്തിരിക്കുന്നത് .

1) ഫണ്ടിന്റെ അപര്യാപ്തത മൂലം ശരിയായ അറ്റകുറ്റപണികൾ നിർവ്വഹിക്കുവാൻ സാധിക്കാത്തതിനാൽ കനാലുകളുടെ നഷ്ടപ്പെട്ടുപോയ ക്രോസ്സെക്ഷൻ യഥാർത്ഥ രൂപകല്പന പ്രകാരം പുനസ്ഥാപിക്കുകയും നഷ്ടപ്പെട്ടുപോയ ജലനിർവ്വഹണ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക

2) അറ്റകുറ്റപണികളുടെ അഭാവത്തിൽ നശിച്ചു പോയ കനാൽ ലൈനിംഗ് പുനസ്ഥാപിക്കുകയും കനാലിലൂടെയുള്ള വൻ ചോർച്ച ഒഴിവാക്കുകയും ചെയ്യുക.

3) അണ്ടർ ടണലുകൾ, എസ്കേപ്പുകൾ, സൂപ്പർ പാസേജുകൾ തുടങ്ങിയ കനാൽ നിർമ്മാണങ്ങളുടെ നവീകരണം .

മേൽപ്പറഞ്ഞ പ്രവർത്തികളിലൂടെ പദ്ധതിയുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

ചീഫ് എഞ്ചിനീയർ കാവേരിസെല്ലിന്റെ കീഴിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ നവീകരണ പ്രവൃത്തികൾക്കായി

മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ പ്രവൃത്തികൾക്ക് 2009-10-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ മലബാർ പാക്കേജിൽ 5 കോടി രൂപയും വാർഷിക അറ്റകുറ്റ പണികൾക്കായി 2.4 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| ഇ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ? | ഇ) വകുപ്പുതലത്തിൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും പ്രവർത്തന പുരോഗതിയും നിർമ്മാണത്തിന്റെ ഗുണനിലവാരവും പരിശോധിക്കുകയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

ദേശാഭിമാനം

GOVERNMENT OF KERALA

**Abstract**

Water Resources Department-Project Proposals under Malabar Irrigation Package, Kuttanadu Package and other Schemes - Administrative Sanction accorded- Orders issued.

---

**Water Resources (G&P) Department**

G.O.(Rt)No. 1226/2009/WRD. Dated, Thiruvananthapuram, 02-11-2009.

---

Read:- Letter No. W3/28796/08 dated 20.07.2009 from the Chief Engineer (Irrigation &Administration) Thiruvananthapuram.

**ORDER**

The Chief Engineer (Irrigation & Administration) in her letter read above has submitted the following proposals under Malabar Irrigation Package, Kuttanadu Package and other State Schemes at a total cost of Rs. 397.80 crores for Administrative Sanction.

| Sl. No | Nature of work | Number of Schemes | Budget provision Rs. In Crores | Head of Account | Estimate Amount Rs. In crores |
|---|---|---|---|---|---|
| a) | MALABAR IRRIGATION PACKAGE | | | | |
| 1 | Modernisation of Lift irrigation Schemes in Seven district (Thrissur, Palakkad, Malappuram, Kozhikkode, Wayanad, Kannur, Kasaragod) | 209 | 10 | 4702-00-101-89(NP) | 52.76 |
| 2 | Repair and construction of Regulators, Check Dams, Vented Cross bars in the seven district ( Thrissur, Palakkkad, Malappuram, Kozhikkode, Wayanad, Kannur, Kasaragod) | 352 | 30 | 4711-00-103-93(NP) | 196.96 |
| 3 | Modernisation and revamping of Kuttiyadi Irrigation Project | 1 | 20 | 4711-01-103-92(NP) | 50.00 |
| b) | SPECIAL PACKAGE FOR ERNAKULAM DISTRICT | | | | |
| 4 | Revamping of existing L I Schemes | 127 | 6 | 4702-00-101-88(NP) | 35.84 |
| c) | MODERNISATION OF L I SCHEMES | | | | |
| 5 | Renovation of L I Schemes (southern District) | 82 | 7 | 4702-00-101-90(P) | 15.44 |

| | | | | | |
|---|---|---|---|---|---|
| d) | KUTTANAD PCKAGE | | | | |
| 6 | Regulation of Flood Water in Kayal area near CD block and Rani-chithira | 1 | | 4711-01-103-99-FC(P) | 46.80 |
| | Total | 772 | 83 | | 397.80 |

Government have examined the proposal in detail and are pleased to accord Administrative Sanction for the schemes at a total amount of Rs. 278.17 crores as detailed below.

a. All the works under schemes shown against Sl. Nos, 1, 4, 5 and 6 above.
b. In the case of Sl.No. 2 it is noted that there is no proposal from Palakkad District. Since some constituencies have already crossed the Rs. 1500 lakhs mark, the amount assured in the Assembly, some of the proposals coming under the scheme shown against Sl. No. 2 above have been kept aside. The total amount sought for the scheme at the serial no 2 comes down to Rs 127.33 crores. The District wise list of works at a total cost of Rs. 127.33 crores is appended as annexure to this G. O. The remaining works may be taken up during the next financial year.
c. The scheme under Sl. No. 3 is not considered in this, since it has already been cleared for Rs. 20 crores for taking up 124 works in 2009-10

Government also directs all concerned to ensure quality of works and steps must be taken to avoid rush of works and wasteful expenditure. The site must be inspected at random by the concerned Chief Engineer to check the authenticity of the estimates.

Expenditure can be met under the head of account as stated above. Regarding Kuttanand package ie., Regulation of Flood Water in Kayal area near CP block and Rani Chithira Padasekharams expenditure can be debited under "4711-01-103-99 works (plan)" for which a token provision is provided in the first batch of SDG 2009-10.

By Order of the Governor,
K. JAYAKUMAR
Additional Chief Secretary.

To

The Chief Engineer, (Irrigation & Administration), Thiruvananthapuram.
The Accountant General (A&E/Audit), Thiruvananthapuram.
P.S to Minister, Water Resources Department.
Finance Department
Water Resources ( MI/IR/MP) Department for further necessary action.
Stock File/Office Copy.

Forwarded/By Order,

Section Officer.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231 — 30.12.2010 — ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ചാഴികാടൻ<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി | ശ്രീ. എം.വിജയകുമാർ<br>(ബഹു. നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) ദേശീയപാത വികസനത്തിൽ റോഡിന് എത്ര മീറ്റർ വീതി വേണമെന്നാണ് സർക്കാർ നിലപാട്; | (എ) ദേശീയപാതകൾക്ക് 45 മീറ്റർ വീതി വേണമെന്ന കേന്ദ്രസർക്കാരിന്റെ തീരുമാനത്തോട് യോജിക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത് |
| (ബി) ദേശീയപാതകളുടെ വീതിയെക്കുറിച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കുവാൻ കഴിഞ്ഞോ; വിശദമാക്കുമോ; | (ബി) 17.08,2010 -ൽ വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ദേശീയ പാത 17, 47 എന്നിവ 45 മീറ്റർ വീതിയിൽ വികസിപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. |
| (സി) സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനു ഉതകുന്ന രീതിയിൽ ദേശീയ പാതകൾ വികസിപ്പിക്കുവാൻ ആവശ്യമായ അടിയന്തിര നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (സി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 232 — 30-12-2010-ൽ മറുപടിയ്ക്ക്

### സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി. കുഞ്ഞിരാമൻ<br>ശ്രീ.ബി. രാഘവൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | **ശ്രീ. എം. വിജയ്കുമാർ**<br>(നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും സ്കൂൾ തലത്തിലും ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരെയും ഒരു ചീഫ് കോ-ഓർഡിനേറ്ററെയും നിയമിച്ചു നടപടികൾ സ്വീകരിച്ചു വരുന്നു. ഒന്നും രണ്ടും വർഷത്തെ പരിശോധനകൾ പൂർത്തിയാക്കി. മൂന്നാം വർഷത്തെ പരിശോധന നടന്നു വരുന്നു. |
| ബി) സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള കായിക ക്ഷമതാ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ; | (ബി) കായിക ക്ഷമതാ പദ്ധതി ഒരു തുടർ പദ്ധതിയാണ്. മൂന്നാം വർഷത്തെ (2010-11) ഒന്നാം ഘട്ടം ഡിസംബർ 31-ന് പൂർത്തിയാകും. രണ്ടാം ഘട്ടം ജനുവരി - ഫെബ്രുവരി മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| സി) | സി) |
| വിദ്യാർത്ഥികൾക്ക് പദ്ധതികൊണ്ട് കുറച്ചെങ്കിലും നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞോ; | സ്കൂളുകളിൽ കായിക വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നതോടു കൂടി കായിക ക്ഷമതാ പദ്ധതിയിൽ കുറഞ്ഞ നിലവാരം പുലർത്തുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) | ഡി) |
| സ്റ്റേറ്റ് ടെസ്റ്റിംഗ് അതോറിറ്റി നേരിട്ടു നടത്തിയ കാര്യക്ഷമതാ പരീക്ഷയിൽ എല്ലാ ടെസ്റ്റ് ഇനങ്ങളിലും നിർദ്ദിഷ്ട നിലവാരം പുലർത്തിയ എത്ര വിദ്യാർത്ഥികളാണ് സംസ്ഥാനത്ത് ഉള്ളത്; | സ്റ്റേറ്റ് ടെസ്റ്റിംഗ് അതോറിറ്റി നടത്തിയ കായിക്ഷമതാ പരീക്ഷയിൽ ഒന്നാം ഘട്ടത്തിൽ എ, ബി, സി ഗ്രേഡുകളിലായി 12,684 പേർ യോഗ്യത നേടി. |
| (ഇ) | (ഇ) |
| വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ? | കായിക ക്ഷമത കുറഞ്ഞ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി കായിക അദ്ധ്യാപകർക്ക് വേണ്ട പരിശീലനം നൽകി വരുന്നു. ആരോഗ്യവിദ്യാഭ്യാസ പദ്ധതിയിൽ കായിക ക്ഷമത വർദ്ധിപ്പിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തുക വഴി കുട്ടികളിലെ കായിക ക്ഷമത വർദ്ധിപ്പിക്കാൻ കഴിയും. കായിക ക്ഷമതയിൽ മികവ് തെളിയിക്കുന്ന കുട്ടികൾക്ക് അവാർഡ് മെഡൽ സർട്ടിഫിക്കറ്റുകൾ നൽകുക വഴി കായിക ക്ഷമത കുറഞ്ഞ കുട്ടികൾക്ക് പ്രചോദനം ലഭിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 233 | 30.12.2010-ൽ മറുപടിക്ക് |
|---|---|

# പബ്ലിക് ഹെൽത്ത് ലബോറട്ടറികളെ ആധുനികവൽക്കരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. വി. എൻ. വാസവൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) പബ്ലിക് ഹെൽത്ത് ലബോറട്ടറികളെ ആധുനികവൽക്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ ) സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും, റീജിയണൽ ലാബുകളിലും Automated -ഉം Semi-automated-ഉം ആയ ഉപകരണങ്ങൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എച്ച്ബി എ1.സി, എൽ.എച്ച്, എഫ്.എസ്.എച്ച് പ്രൊലാക്ടിൻ, പി.എസ്.എ എന്നീ ടെസ്റ്റുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്. എച്ച്ബി എ1.സി ടെസ്റ്റ് പ്രമേഹ രോഗികൾക്ക് ചികിത്സ നിർണ്ണയിക്കുന്നതിന് വളരെയധികം പ്രയോജന പ്രദമാണ്. എൽ.എച്ച്, എഫ്.എസ്.എച്ച് പ്രൊലാക്ടിൻ ടെസ്റ്റുകൾ വന്ധ്യതാ |

| | |
|---|---|
| | ചികിത്സയ്ക്ക് ആവശ്യമാണ്. പി.എസ്.എ ടെസ്റ്റുകൾ, പ്രോസ്റ്റാറ്റിക് ട്യൂമറുകൾ നിർണ്ണയിക്കുന്നതിന് പ്രയോജനപ്രദമാണ്. എച്ച്1 എൻ1 ടെസ്റ്റിന് ആവശ്യമായ വൈറൽ ട്രാൻസ്പോർട്ട് മീഡിയം ഉണ്ടാക്കി എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്.<br>പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2011-12 വർഷം മുതൽ 2014-15 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, റീജിയണൽ ലാബുകൾ, ജില്ലാ ലാബുകൾ എന്നിവ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ശുപാർശ പരിശോധിച്ചു വരികയാണ്. പബ്ലിക് ഹെൽത്ത് ലാബുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 623.2 ലക്ഷം രൂപയുടെ പ്രൊപ്പോസലും ഇതിൽ പെടും. അസറ്റ് മെയിന്റനൻസിനു വേണ്ടി സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിന് 50 ലക്ഷം രൂപയും, എറണാകുളം റീജിയണൽ ലാബിന് 33.5 ലക്ഷം രൂപയുംകൊല്ലം ജില്ലാ ലാബിന് 10 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പ് പണികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) റീജിയണൽ ഹെൽത്ത് ലബോറട്ടറികൾ ഏതെല്ലാം ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട്; | ബി) എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ ഉണ്ട്. |
| സി) കൂടുതൽ റീജിയണൽ ഹെൽത്ത് ലബോറട്ടറികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | സി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| ഡി) ആശുപത്രികളോടനുബന്ധിച്ചുള്ള ലബോറട്ടറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | ഡി) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ആരോഗ്യ വകുപ്പിൽ, 2011-2015 കാലയളവിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശുപാർശയിൽ ആശുപത്രികളോടനുബന്ധിച്ചുള്ള ലബോറട്ടറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഘടകങ്ങളും ഉൾപ്പെടുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കെട്ടിട നിർമ്മാണത്തിനും മതിയായ തുക അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234 | 30-12-2010-ൽ മറുപടിയ്ക്ക് |

# കടൽഭിത്തി നിർമ്മാണത്തിലെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വിശ്വൻ<br>ശ്രീ.സി.എം.ദിനേശ്മണി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ,<br>ജലവിഭവ വകുപ്പുമന്ത്രി |
| എ) കടൽ ഭിത്തി നിർമ്മാണത്തിൽ ഈ സർക്കാർ വന്നശേഷം ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാ ക്കുമോ;<br><br>ബി) പുതുതായി എത്ര കിലോമീറ്റർ കടൽഭിത്തി നിർമ്മിച്ചുവെന്നും എത്ര കിലോമീറ്റർ കടൽഭി ത്തിയുടെ പുനരുദ്ധാ രണം നടത്തിയെന്നും വെളിപ്പെടുത്തുമോ; | എ) & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2006-10 കാലഘട്ടത്തിൽ കടൽഭിത്തിയുടെ നിർമ്മാണത്തിലും പുനരുദ്ധാരണത്തിലുമുള്ള പുരോഗതി ചുവടെ ചേർക്കുന്നു.<br><br>12-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 16.337 കി.മീ നീളത്തിൽ പുതിയ കടൽഭിത്തിയും 42.294 കി.മീ നീളത്തിൽ പുനരുദ്ധാരണവും 20 പുലിമുട്ടുകളും നിർമ്മിച്ചു. ഇതിനായി ആകെ 167.92 കോടി രൂപ ചിലവഴിച്ചു. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 6.021 കി.മീ നീളത്തിൽ പുതിയ കടൽഭിത്തിയും 36.177 കി.മീ നീളത്തിൽ പുനരുദ്ധാരണവും 15 പുലിമുട്ടുകളും നിർമ്മിച്ചു. ഇതിനായി 115.77 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.<br><br>ഗംഗാനദീതടങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങളിലെ അടിയന്തിര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്ര സർക്കാർ സഹായം ഉപയോഗിച്ച് തൃശ്ശൂർ ജില്ലയിലെ ' എറിയാട്' എന്ന സ്ഥലത്ത് 0.490 കി.മീ നീളത്തിൽ 209.60 ലക്ഷം രൂപ ചെലവഴിച്ച് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. |
| സി) ആധുനിക സാങ്കേ തിക വിദ്യ ഉപയോഗി | സി) ഗാബിയോൺ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന് താഴെപറയുന്ന |

| | |
|---|---|
| ച്ചുള്ള ഗാബിയോൺ കടൽഭിത്തി നിർമ്മാണത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് | പ്രത്യേകതകൾ ഉണ്ട്. വലിപ്പം കുറഞ്ഞ കരിങ്കൽ കഷണങ്ങൾ ഗാബിയോൺ വലയ്ക്കുള്ളിലാക്കി ബലവത്താക്കി വരിഞ്ഞുമുറുക്കി ഒറ്റയൂണിറ്റാക്കി ഉപയോഗിക്കുന്നതിനാൽ ഇത് ഒരു മോണോലിത്തിക് സംവിധാനമായി പ്രവർത്തിക്കുന്നു. അതായത് ഒരു വലിയ പാറയുടെ പ്രയോജനം ലഭിക്കുന്നു.<br><br>വലയ്ക്കുള്ളിൽ ഇത് ഒരു ഫ്ളെക്സിബിൾ മീഡിയം ആയി പ്രവർത്തിക്കുന്നതിനാൽ തിരമാലകളുടെ സമ്മർദ്ദത്തെയും ഇത് അതിജീവിക്കുന്നു.<br><br>തിരയടിച്ചും മറ്റും കടൽഭിത്തി കടന്ന് കരയിലേക്കയ്ക്ക് വരുന്ന വെള്ളം കടൽഭിത്തിക്ക് കേടുപാടുകൾ സംഭവിക്കാതെ തിരിച്ചൊഴുകുന്നതിന് ഇതിന്റെ പ്രത്യേകമായ നിർമ്മാണരീതി സഹായിക്കുന്നു.<br><br>വലയ്ക്കുള്ളിൽ നിക്ഷേപിച്ചിരിക്കുന്ന കരിങ്കൽ കഷണങ്ങൾക്കിടയ്ക്ക് എക്കലും ചെളിയും അടിയുകയും അതിൽ നിന്നും വളർന്നുവരുന്ന ചെറുതും വലുതുമായ സസ്യജാലങ്ങൾ ഇതിനെ ഒരു സ്ഥിരമായ സ്ട്രക്ചർ ആക്കി നിലനിറുത്തുകയും പരിസ്ഥിതിയെ സംരക്ഷിക്കുകയും ചെയ്യുന്നു. |
| ഡി) ഈ വർഷം എത്ര കിലോ മീറ്റർ കടൽ ഭിത്തി നിർമ്മാണത്തിനാണ് ലക്ഷ്യമിട്ടി ട്ടുള്ളത്;<br><br>ഇ) ഇതുവരെ എത്ര കിലോ മീറ്റർ പൂർത്തിയായിട്ടുണ്ട്; സുനാമി ബാധിത പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണം പൂർത്തിയായിട്ടുണ്ടോ? | ഡി) & ഇ) 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 2011-13 കാലയളവിലേക്കായി 6.48 കി.മീ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സുനാമി ബാധിത പ്രദേശങ്ങളിൽ ആരംഭിച്ചകടൽഭിത്തി നിർമ്മാണ പ്രവർത്തനങ്ങളിൽ തൃശ്ശൂർ ജില്ലയിലെ എസ്.എൻ.പുരം പഞ്ചായത്തിലെ രണ്ടും വാടാനപ്പിള്ളി പഞ്ചായത്തിലെ ഒന്നും പുനരുദ്ധാരണ പ്രവൃത്തികൾ ഒഴികെ മറ്റുള്ളവയും പൂർത്തിയായിട്ടുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 6.021 കി.മീറ്റർ നീളത്തിൽ പുതിയ കടൽഭിത്തിയും 35.177 കി.മീറ്റർ നീളത്തിൽ പുനരുദ്ധാരണവും പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 235 — 30.12.2010- ലെ മറുപടി

### അന്തർസംസ്ഥാന ബസ് സർവീസുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. എം. ചന്ദ്രൻ<br>,, ആർ. സെൽവരാജ്<br>,, പി. കൃഷ്ണപ്രസാദ് | ശ്രീ. ജോസ് തെറ്റയിൽ<br>ഗതാഗത വകുപ്പു മന്ത്രി |
| എ) അന്തർസംസ്ഥാന ബസ് സർവീസുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) ഇരു അയൽ സംസ്ഥാനങ്ങളുമായും അന്തർ സംസ്ഥാന സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ആർ.ടി.സി. കാലാകാലങ്ങളിൽ അനുയോജ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. ബഹുഭൂരിപക്ഷം അന്തർ സംസ്ഥാന സർവ്വീസുകൾക്കും പുതിയ ബസുകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. പുഷ്ബാക്ക് ഇരിപ്പിടമുള്ള പുതിയ എക്സ്പ്രസ് ബസുകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള സൂപ്പർ ഫാസ്റ്റ് ബസുകൾ മാറ്റി എക്സ്പ്രസ് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന വോൾവോ, എ.സി. ഇനത്തിൽപ്പെട്ട സൂപ്പർക്ലാസ് ബസുകൾ ഉപയോഗിച്ച് അന്തർ സംസ്ഥാന റൂട്ടിലെ യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കിയിട്ടുണ്ട്. ദീർഘദൂര സർവ്വീസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) തമിഴ്നാട് - കർണ്ണാടകം എന്നീ സംസ്ഥാനങ്ങളുമായി അന്തർസംസ്ഥാന ബസ് സർവീസ് സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള കരാറിലെ വ്യവസ്ഥകൾ വ്യക്തമാക്കുമോ ; | (ബി) 1976 ൽ നിലവിൽവന്ന കേരള - തമിഴ്നാട് അന്തർ സംസ്ഥാന ഗതാഗത കരാറിന്റെ തുടർച്ചയായി 26.10.2007 ൽ ഏഴാമത് സപ്ലിമെന്ററി അന്തർ സംസ്ഥാന ഗതാഗത കരാർ നിലവിൽവന്നു. പ്രസ്തുത |

കരാർ 20.6.2008 ലെ ജി.ഒ.(പി) നം.26/08/ട്രാൻ നമ്പർ വിജ്ഞാപന (അനുബന്ധം- എ) പ്രകാരം പ്രസിദ്ധീകരിച്ചു. ഈ കരാർ പ്രകാരം ഇരു സംസ്ഥാനങ്ങളിലെയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് അയൽ സംസ്ഥാനത്തേക്ക് നടത്താവുന്ന സർവ്വീസുകൾ, ഓടിക്കാവുന്ന ദൂരം, കൃത്യമായ റൂട്ടുകൾ, ബസ്സുകളുടേയും ട്രിപ്പുകളുടേയും എണ്ണം, സ്പെഷ്യൽ സർവ്വീസ് നടത്തിപ്പുകൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിലുള്ള കരാർ പ്രകാരം തമിഴ് നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് കേരളത്തിൽ 4226.6 കി.മി. ദൂരവും കെ.എസ്.ആർ.ടി.സി.ക്ക് തമിഴ് നാട്ടിൽ 4232.4 കി.മി. ദൂരവും ഓടിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത കരാറിലെ സ്റ്റേജ് കാര്യേജ് സർവ്വീസുകൾ സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

എ) 20.6.2008 ലെ വിജ്ഞാപനത്തിൽ അനുബന്ധം I ൽ കാണിച്ചിട്ടുള്ള പുതിയ അന്തർ സംസ്ഥാന റൂട്ടുകൾ നടത്തുന്നത് തമിഴ്നാട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനായിരിക്കും.

ബി) തമിഴ് നാട് സർക്കാരിന്റെ നിലവിലുള്ള റൂട്ടുകളെ അനുബന്ധം II ആയി പരിഷ്കരിക്കും

സി) അനുബന്ധം III ൽ കാണിച്ചിട്ടുള്ള പുതിയ അന്തർ സംസ്ഥാന റൂട്ടുകൾ നടത്തുന്നത് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനായിരിക്കും

ഡി) കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിലവിലുള്ള റൂട്ടുകളെ അനുബന്ധം IV ആയി പരിഷ്കരിക്കും.

ഇ) കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷൻ നടത്തുന്നതായി അനുബന്ധം V ൽ കാണിച്ചിട്ടുള്ള റൂട്ടുകളെ ഒഴിവാക്കുന്നതായിരിക്കും.

1976 ൽ നിലവിൽവന്ന കേരള – കർണാടക അന്തർ സംസ്ഥാന ഗതാഗത കരാറിന്റെ തുടർച്ചയായി 25.08.2008 ൽ നാലാമത് സപ്ലിമെന്ററി അന്തർ സംസ്ഥാന ഗതാഗത കരാർ നിലവിൽവന്നു. പ്രസ്തുത കരാർ 6.2.2009 ലെ ജി.ഒ.(പി) നം.21/2009/ട്രാൻ നമ്പർ വിജ്ഞാപന (അനുബന്ധം- ബി) പ്രകാരം പ്രസിദ്ധീകരിച്ചു. ഈ കരാർ പ്രകാരം ഇരു സംസ്ഥാനങ്ങളിലെയും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് അയൽ സംസ്ഥാനത്തേക്ക് നടത്താവുന്ന സർവ്വീസുകൾ, ഓടിക്കാവുന്ന ദൂരം, കൃത്യമായ റൂട്ടുകൾ, ബസ്സുകളുടേയും ട്രിപ്പുകളുടേയും എണ്ണം, സ്പെഷ്യൽ സർവ്വീസ് നടത്തിപ്പുകൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിലുള്ള കരാർ പ്രകാരം കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്ക് കേരളത്തിൽ 14343 കി.മി. ദൂരവും കെ.എസ്.ആർ.ടി.സി.ക്ക് കർണ്ണാടകത്തിൽ 14401 കി.മി. ദൂരവും ഓടിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത കരാറിലെ സർവ്വീസുകൾ സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1) <u>സ്റ്റേജ് കാര്യേജുകൾ</u>

എ) 6.2.2009 ലെ വിജ്ഞാപനത്തിൽ അനുബന്ധം I ൽ കാണിച്ചിട്ടുള്ള അന്തർ സംസ്ഥാന റൂട്ടിലെ സ്റ്റേജ് കാര്യേജ് സർവ്വീസുകൾ പൂർണ്ണമായും കർണ്ണാടക സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷന്റേതായിരിക്കും.

ബി) അനുബന്ധം II ൽ കാണിച്ചിട്ടുള്ള അന്തർ സംസ്ഥാന റൂട്ടിലെ സ്റ്റേജ് കാര്യേജ് സർവ്വീസുകൾ പൂർണ്ണമായും കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷന്റേതായിരിക്കും.

സി) കർണ്ണാടകം ഓപ്പറേറ്റുചെയ്യുന്നതായി അനുബന്ധം III ൽ കാണിച്ചിട്ടുള്ള

ട്രിപ്പുകളുടെ എണ്ണം ഓരോ റൂട്ടിനും നേരേ സൂചിപ്പിച്ചിട്ടുള്ളതിനനുസരിച്ച് കൂട്ടുന്നതായിരിക്കും.

ഡി) അനുബന്ധം IV ന്റെ കോളം 2 ലെ കർണ്ണാടക സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിലവിലുള്ള റൂട്ടുകളിൽ ഓരോ റൂട്ടിനും നേരേ കോളം 8 ൽ സൂചിപ്പിച്ചിട്ടുള്ളതിനനുസരിച്ച് വ്യത്യാസം വരുത്തുന്നതായിരിക്കും.

ഇ) അനുബന്ധം V ൽ കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസ് നടത്തുന്നതായി കാണിച്ചിട്ടുള്ള അന്തർ സംസ്ഥാന റൂട്ടിലുള്ള ട്രിപ്പുകളെ ഓരോ റൂട്ടിനും നേരേ കാണിച്ചിട്ടുള്ളതിനനുസരിച്ച് എണ്ണം കൂട്ടുകയും വ്യത്യാസം വരുത്തുകയും ചെയ്യുന്നതായിരിക്കും.

എഫ്) അനുബന്ധം VI ൽ കേരള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർവ്വീസ് നടത്തുന്ന നിലവിലുള്ള റൂട്ടുകളുടെ ലിസ്റ്റ് ഒഴിവാക്കുന്നതാണ്.

ജി) ഉത്സവ സീസൺ, മേളകൾ എന്നിവയുമായി ബന്ധപ്പെട്ട് രണ്ട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും നടത്തുന്ന അധിക സർവ്വീസുകളുടെ വിശദാംശങ്ങൾ അനുബന്ധം VII ൽ കാണിച്ചിരിക്കുന്നതുപോലെയായിരിക്കും.

എച്ച്) വേനൽക്കാല സീസണിൽ രണ്ട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും നടത്തുന്ന അധിക സർവ്വീസുകൾ അനുബന്ധം VIII ൽ കാണിച്ചിരിക്കുന്നതുപോലെയായിരിക്കും.

2. <u>ജോയിന്റ് ഓപ്പറേഷൻ.</u>

മുമ്പുള്ള മൂന്നു സപ്ലിമെന്ററി കരാറുകളിലും പ്രധാന കരാറിലും ജോയിന്റ് ഓപ്പറേഷനുവേണ്ടി നീക്കിവെച്ചിട്ടുള്ള റൂട്ടുകളിൽ ബസ്സുകളും ട്രിപ്പുകളും ഓപ്പറേറ്റുചെയ്യുന്നതിനുള്ള അവകാശം രണ്ട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്കും മാത്രമായിരിക്കും. മറ്റേതെങ്കിലും അനുബന്ധത്തിൽ ജോയിന്റ്

ഓപ്പറേഷൻ റൂട്ടിൽ നിലനിൽക്കുന്ന ഒഴിവ് അതാത് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേ ഷനുകൾ അവകാശപ്പെടേണ്ടതും പെർമിറ്റ് അനുവദിക്കേണ്ടതും കൌണ്ടർ സൈൻ ചെയ്യേണ്ടതുമാണ്.

3. സ്പെഷ്യൽ സർവ്വീസ്.

കേരളത്തിലെ ശബരിമല, ഓണം സീസണുകളിലും കർണ്ണാടകത്തിലെ ദസ്റ ഉത്സവത്തിനും ക്രിസ്തുമസ് സീസണിലും, വേനലവധിക്കാലത്തും രണ്ടു സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും സിംഗിൾ പോയിന്റ് ടാക്സ് അടിസ്ഥാനത്തിൽ അധിക ബസ് സർവ്വിസ് നടത്തുന്നതായിരിക്കും. സ്റ്റേജ് കാര്യേജുകളുടെ എണ്ണം, സർവ്വീസ് നടത്തുന്ന റൂട്ട്, സർവ്വീസിന്റെ കാലാവധി എന്നിവ രണ്ട് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളും ചർച്ച നടത്തി കരാറി ലെത്തുന്നതായിരിക്കും. സ്പെഷ്യൽ സർവ്വീ സിനുള്ള ചാർജ്ജ് ഉത്സവ സമയങ്ങളിൽ അറിയിക്കുന്ന തായിരിക്കും

| | |
|---|---|
| സി) അന്തർസംസ്ഥാന സർവീസുകൾ ലാഭകരമാണോ എന്ന് വിശദമാക്കുമോ ; | (സി) കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകളിൽ നിന്നും ശരാശരി 23 രൂപ 15 പൈസ കി.മീ. പ്രതി വരുമാനം (EPKM) ലഭിക്കുന്നുണ്ട്. ദൈനംദിന ചിലവുകളുടെ അടി സ്ഥാനത്തിൽ മാത്രം വിലയിരു ത്തുമ്പോൾ ഒരു schedule ന് 20 രൂപയെ ങ്കിലും (EPKM) ലഭിച്ചാൽ മാത്രമേ നഷ്ടം കൂടാതെ സർവ്വീസ് നടത്താനാകൂ. ഇപ്പോൾ ഓടിക്കുന്ന 262 schedule കളിൽ 63 schedule കൾ 20 രൂപയ്ക്കുതാഴെമാത്രം വരുമാനം ലഭിക്കുന്നവയാണ്. |

| | | | |
|---|---|---|---|
| ഡി) | വോൾവോ ബസ്സുകൾ സർവീസ് തുടങ്ങിയശേഷം അന്തർസംസ്ഥാന സർവീസ് മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ ; | ഡി) | ഉണ്ട്. |
| ഇ) | കുടുതൽ അന്തർസംസ്ഥാന ബസ് സർവീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | ഇ) | തമിഴ്നാട്, കർണ്ണാടക സർക്കാരുമായി പുതിയ കരാർ വരുന്ന മുറയ്ക്ക് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നകാര്യം പരിശോധിക്കു ന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 236. 30.12.2010 ലെ മറുപടി

## കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

**ചോദ്യം**
ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. കെ. കെ. ദിവാകരൻ
ശ്രീ. സി. എച്ച്. കുഞ്ഞമ്പു.

**ഉത്തരം**
ശ്രീ. ജോസ് തെറ്റയിൽ
ഗതാഗതവകുപ്പ് മന്ത്രി.

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യവികസനങ്ങളുടെ ഭാഗമായി യാത്രക്കാർക്കും, ജീവനക്കാർക്കും ആവശ്യമായ വിശ്രമ മുറികൾ, ഓഫീസ് ബ്ലോക്കുകൾ പ്രാഥമികാവശ്യങ്ങൾക്കുള്ള കംഫർട്ട് സ്റ്റേഷനുകൾ, ബസ് കാത്തുനിൽക്കുന്നതിനുള്ള വെയിററിംഗ് ഷെഡുകൾ മുതലായവ മെച്ചപ്പെടുത്തുന്നതിനുള്ള സിവിൽ ജോലികൾ നടത്തിവരുന്നു. കൂടാതെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ -കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ ബസ് സ്റ്റേഷനുകളും വെയിറ്റിംഗ് ഷെഡുകളും നിർമ്മിച്ചു എന്നു വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട്,വഴിക്കടവ്,(സ്റ്റേഷൻ മാസ്റ്റർ ഓഫീസുകൾ) ആര്യങ്കാവ്,വാളാൻചേരി,പിറവം, നിലമ്പൂർ,മാള,പുതുക്കാട്,മണ്ണാർക്കാട് (വെയിററിംഗ് ഷെഡുകൾ) പാലക്കാട് (ഇന്റർസ്റ്റേററ് ബസ് ടെർമിനൽ) |

| | | | |
|---|---|---|---|
| | | | എന്നിവ നിർമ്മിച്ചിട്ടുണ്ട്. |
| (സി) | ബസ് സ്റ്റാന്റുകളിൽ ടോയ്‌ലറ്റ് സൗകര്യം, കാന്റീൻ സൗകര്യം, വിശ്രമസങ്കേതങ്ങൾ എന്നിവ ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ബസ് സ്റ്റാൻഡുകളിൽ ടോയലററ്,ക്യാന്റീൻ,വിശ്രമസങ്കേതം എന്നിവ ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും എട്ട് (8) കോടി രൂപ വകയിരുത്തി സ്ത്രീകൾക്കു മാത്രമായി ടോയിലററ് സൗകര്യത്തോടുകൂടിയ വിശ്രമസങ്കേതങ്ങൾ നിർമ്മിക്കുന്നുണ്ട്. |
| (ഡി) | ബസ് സ്റ്റാന്റുകളിലെ ശുചീകരണം ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ ? | (ഡി) | ബസ് സ്റ്റാൻഡുകളിലെ ശുചീകരണം ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി അതാത് യൂണിററ് ഓഫീസർമാർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.237</u> <u>30.12.2010-ൽ മറുപടിക്ക്</u>

## <u>ജനനി സുരക്ഷാ യോജനാ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.ബി.രാഘവൻ<br>ശ്രീമതി.ജെ.അരുന്ധതി | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; സംസ്ഥാനത്തെ ജനസംഖ്യാ വളർച്ചാനിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിലേക്കായി ആവശ്യാനുസരണം താൽക്കാലിക അടിസ്ഥാനത്തിൽ എൻ.ആർ.എച്ച്.എം വഴി ഡോക്ടർ, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിച്ചു. ജനനി സുരക്ഷാ യോജനാ പദ്ധതി കേരളത്തിൽ നടപ്പിലാക്കി. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ട് കേരളത്തിലെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും ഗുണനിലവാരമുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കി. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തകർക്ക് വിദഗ്ധ പരിശീലനം നൽകി. മാതൃമരണ നിരക്കും ശിശുമരണനിരക്കും കുറയ്ക്കുവാനുള്ള നടപടി സ്വീകരിച്ചു. കൗമാരപ്രായക്കാരായ കുട്ടികൾക്ക് സമഗ്രമായ ആരോഗ്യ പദ്ധതി നടപ്പിലാക്കി വരുന്നു. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ്പ് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി. തെരഞ്ഞെടുക്കപ്പെട്ട പ്രൈമറി ഹെൽത്ത് സെന്ററുകളിൽ 24 മണിക്കൂറും സേവനം നടപ്പിലാക്കി. സ്കൂൾ ഹെൽത്ത് പദ്ധതി നടപ്പിലാക്കി. ലാപ്റോസ്കോപ്പി, എൻ.എസ്.വി., പി.പി.എസ് തുടങ്ങിയവ ആരോഗ്യ കുടുംബാസൂത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി. നഗര പ്രദേശങ്ങളിൽ ആരോഗ്യ പദ്ധതിയുടെ ഭാഗമായി (Urban RCH) ജെ.പി.എച്ച്.എൻ, മെഡിക്കൽ ഓഫീസർമാർ എന്നിവരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചു.<br><br>സംസ്ഥാനത്തെ ജനസംഖ്യാ വളർച്ചാനിരക്ക് 2009 ഒക്ടോബറിലെ എസ്.ആർ.എസ് ബുള്ളറ്റിൻ പ്രകാരം 8 ആണ്. |

| | |
|---|---|
| (ബി) നവജാതശിശുക്കളുടെ സംരക്ഷണം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (ബി) നവജാതശിശു സംരക്ഷണം ഉറപ്പവരുത്തുന്നതിനായി നവജാതശിശു വിഭാഗം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ നവീകരിച്ചു. നവജാതശിശുക്കളുടെ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനായി Warmer, Resuscitator എന്നീ മെഡിക്കൽ ഉപകരണങ്ങൾ വിവിധ ആശുപത്രികളിൽ ലഭ്യമാക്കുകയും New Born Corner പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും സ്ഥാപിക്കുകയും ചെയ്തു. സംസ്ഥാനത്തുള്ള ശിശുരോഗ വിദഗ്ധർ, ഗൈനക്കോളജിസ്റ്റ് എന്നിവർക്ക് വിദഗ്ധ പരിശീലനം നൽകി. പ്രതിരോധ കുത്തിവെയ്പുകൾ (BCG, Hep-B) Polio drops എന്നിവ നവജാതശിശുക്കൾക്ക് നൽകുന്നുണ്ട്. |
| (സി) കുട്ടികൾക്കായി തീവ്ര പരിചരണ സൗകര്യങ്ങൾ കൂടുതൽ ആശുപത്രികളിൽ ഏർപ്പെടുത്തുമോ ; ജനനി സുരക്ഷാ യോജനാ പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ ; | (സി) തീവ്ര പരിചരണ സൗകര്യങ്ങൾ കൂടുതൽ ആശുപത്രികളിൽ ഏർപ്പെടുത്താവുന്നതാണ്. ജനനി സുരക്ഷാ യോജന പ്രകാരം പത്തൊൻപത് വയസ്സിനു മുകളിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ടു സജീവ പ്രസവങ്ങൾക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം നൽകി വരുന്നു.<br>• ഗ്രാമീണ മേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 700 രൂപ<br>• നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപ<br>• വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപ<br>• അംഗീകൃത സ്വകാര്യ ആശുപത്രികളിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.<br>ബി.പി.എൽ കാർഡുണ്ടായിരിക്കുകയോ, ബി.പി.എൽ ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിരിക്കുകയോ, ബി.പി.എൽ ആണെന്ന് തെളിയിക്കുന്ന രേഖകളോ ഉള്ളവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. |
| (ഡി) കഴിഞ്ഞ വർഷം എത്ര പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം 1.34 ലക്ഷം (ഒരു ലക്ഷത്തി മുപ്പത്തി നാലായിരം) സ്ത്രീകൾക്ക് സഹായം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238 — 30/12/2010-ൽ മറുപടിയ്ക്ക്

### പേവിഷബാധയേറ്റവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ശക്തൻ :<br>ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. വർക്കല കഹാർ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പേവിഷബാധയ്ക്ക് ചികിത്സ ലഭ്യമാക്കാൻ സംസ്ഥാനത്തെ മിക്ക ജില്ലാ ആശുപത്രികളിലും ആവശ്യമായ സൗകര്യമില്ലാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) ഇപ്പോൾ പേവിഷബാധയ്ക്ക് ചികിത്സക്കായി പ്രത്യേക ക്ലിനിക്കുകൾ പ്രവർത്തിക്കാത്ത ഏതൊക്കെ ജില്ലാ ആശുപത്രികളാണ് സംസ്ഥാനത്തുള്ളത് എന്നറിയിക്കുമോ;<br>(സി) എല്ലാ ജില്ലാ ആശുപത്രികളിലും ഇത്തരം പ്രത്യേക ക്ലിനിക്കുകൾ അടിയന്തിരമായി പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) (ബി) & (സി) പേവിഷബാധയ്ക്ക് ചികിത്സ ലഭ്യമാക്കാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും പ്രത്യേക ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) പേവിഷബാധിതർക്കാവശ്യമായ എല്ലാ മരുന്നുകളും സൗജന്യമായി വിതരണം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) പേവിഷബാധിതർക്കാവശ്യമായ IDRV/ARV മരുന്നുകൾ സർക്കാർ സൗജന്യമായിട്ടാണ് വിതരണം ചെയ്യുന്നത്. ഇപ്പോൾ എല്ലാ സർക്കാർ ആശുപത്രികളിലും ഈ മരുന്ന് ലഭ്യമാണ്. എന്നാൽ കാറ്റഗറി – 3 (കഴുത്തിനുമുകളിലുള്ള സ്ഥലങ്ങളിൽ) കടിയേൽക്കുന്നവർക്ക് നൽകുന്ന റാബീസ് ഇമ്മ്യൂണോ ഗ്ലോബിൻ എന്ന ജീവൻ രക്ഷാമരുന്ന് ബി.പി.എൽ കാർക്ക് സൗജന്യവും എ.പി.എൽ കാർക്ക് പുറമെനിന്ന് വാങ്ങേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.239 | 30-12-2010-ൽ മറുപടിയ്ക്ക് |
|---|---|

## വൃദ്ധർക്കുള്ള ആരോഗ്യ പരിപാലന സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ.സി.രാജഗോപാലൻ : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആശുപത്രികളിൽ വൃദ്ധർക്കുള്ള ആരോഗ്യ പരിപാലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | സംസ്ഥാനത്ത് വൃദ്ധ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയ ജിറിയാട്രിക് വാർഡ് സംവിധാനം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മറ്റുള്ള ജില്ലകളിലും ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള 11 ഓളം ആശുപത്രികളിൽ ജിറിയാട്രിക് വാർഡുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയ ആശുപത്രികളിൽ ജിറിയാട്രിക് വാർഡുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഈ സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ വൃദ്ധരുടെ പരിചരണത്തിനായി പ്രത്യേകം ബെഡ്ഡുകൾ നീക്കിവച്ചിട്ടുണ്ട്. കൂടാതെ ഒ.പി.യിൽ വൃദ്ധ ജനങ്ങൾക്ക് പ്രത്യേകം പരിഗണന നൽകി വരുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ വയോജന നയം നടപ്പിലാക്കിയതിന്റെ ഭാഗമായി ഔട്ട് പേഷ്യന്റ് വിഭാഗം, വാർഡുകൾ, ഫാർമസി കൗണ്ടറുകൾ എന്നിവിടങ്ങളിൽ വൃദ്ധജനങ്ങൾക്ക് മുൻഗണന നൽകിവരുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ |

| | | | |
|---|---|---|---|
| | | | വൃദ്ധർക്ക് ക്യൂ നിൽക്കാതെ ഡോക്ടറെ കാണാനുള്ള സംവിധാനം നിലവിലുണ്ട്. വൃദ്ധജനങ്ങൾ എത്തുന്ന വാഹനങ്ങൾക്ക് പാർക്കിംഗിന് പ്രത്യേക പരിഗണന നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിൽ ആകെയുള്ള കിടക്കകളിൽ 3% വൃദ്ധ ജനങ്ങൾക്ക് വേണ്ടി മാറ്റി വച്ചിട്ടുണ്ട്. മാത്രമല്ല മറ്റ് എല്ലാ കാര്യങ്ങളിലും വൃദ്ധ ജനങ്ങൾക്ക് പ്രത്യേക പരിഗണനയും മുൻഗണനയും നൽകുന്നുണ്ട്. |
| (ബി) | പ്രധാന ആശുപത്രികളിൽ ജിറിയാട്രിക് വാർഡുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയ ആശുപത്രികളിൽ ജിറിയാട്രിക് വാർഡുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഈ സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ വൃദ്ധരുടെ പരിചരണത്തിനായി പ്രത്യേകം ബെഡ്ഡുകൾ നീക്കിവച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ജിറിയാട്രിക് വാർഡുകളിൽ മരുന്നുകളും മറ്റ് അവശ്യവസ്തുക്കളും തടസ്സമില്ലാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ | (സി) | ജിറിയാട്രിക് വാർഡുകളിൽ മരുന്നുകളും മറ്റ് അവശ്യ വസ്തുക്കളും ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | വൃദ്ധരോഗികളുടെ പരിപാലനത്തിനായി കൂടുതൽ തുക വകയിരുത്തുമോ ? | (ഡി) | ധനലഭ്യത അനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.240 — 30.12.2010ൽ മറുപടിയ്ക്ക്

നിർദ്ധന രോഗികളുടെ ചികിത്സയ്ക്കായി നടപ്പിലാക്കിയ താലോലം പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ.പി.സി.വിഷ്ണുനാഥ്:
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ.അടൂർ പ്രകാശ്:

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നിർദ്ധന രോഗികളുടെ ചികിത്സയ്ക്കായി നടപ്പിലാക്കിയ താലോലം പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം നിർദ്ധനരായ കൂടുതൽ പേർക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതി പ്രവർത്തന പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇതിനായി കോട്ടയം മെഡിക്കൽ കോളേജിൽ 53 ലക്ഷം രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അർഹരായ എല്ലാ കുട്ടികളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എല്ലാ സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി വ്യാപിക്കുന്നതിനും ഇതിനായി കൂടുതൽ ഫണ്ട് സ്വരൂപിക്കുന്നതിനും എന്തൊക്കെ | (സി) | സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും, പരിയാരം മെഡിക്കൽ കോളേജ്, |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ? | | കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജ്, മലബാർ കാൻസർ സെൻറർ, എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെൻറർ, IMCH കോട്ടയം, തൃശ്ശൂർ ചെസ്റ്റ് ഹോസ്പിറ്റൽ തുടങ്ങിയ സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളിൽ ഇപ്പോൾത്തന്നെ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ബാധിതരുടെ ആവശ്യത്തിനു മാത്രമായി കാസറഗോഡ് ജില്ലാ/താലൂക്ക് ആശുപത്രികൾ കൂടി ഈ പദ്ധതിയിൽ ഇതിനകം ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി കൂടുതൽ ഫണ്ട് സ്വരൂപിക്കുന്നതിന് പേമെൻറ് ഗേറ്റ് വേ എന്ന പദ്ധതിയിലൂടെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് ഇൻകം ടാക്സ് ഇളവ് ലഭിക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ മിഷൻെറ വെബ് സൈറ്റിലൂടെ സന്മനസ്സുള്ള എല്ലാവർക്കും സംഭാവന നൽകാവുന്ന വിധത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ